# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.കെ.ഡി.പി 10 -1131/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 23/09/2025
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.

**3) കാര്യാലയ പകർപ്പ്.**

നമ്പർ: കെ.എസ്.എ.പി.കെ.ഡി.പി 10 -1131/25 തീയ്യതി: 23/09/2025

## പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-07-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-06-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വി.പി.ഷോബി | ഡെപ്യൂട്ടിഡയറക്ടർ | 19-06-2025 | 27-06-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-06-2025 | 27-06-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി. സുസ്മിത.കെ.വി - ഓഡിറ്റ് ഓഫീസർ

ശ്രീമതി. സരിത.പി - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി. ആതിര.എച്ച് - സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. അശ്വിനി.ടി.കെ - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി കവിത മാധവൻ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി ഷീന ആർ | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പ്രദീഷ് പി.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീ ദിലീപ്.കെ | വി.ഇ.ഒ-I | 01-04-2024 | 12-09-2024 |
| ശ്രീ സനിൽ കുമാർ ആർ | വി.ഇ.ഒ-I | 13-09-2024 | 31-03-2025 |
| ശ്രീ ഷിജു.കെ | വി.ഇ.ഒ -II | 01-04-2024 | 31-03-2025 |
| ശ്രീമതി മാനസ എം.കെ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി ബിനിത | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീ സുനിൽ | പ്രധാനാധ്യാപകൻ | 01-04-2024 | 31-05-2024 |
| ശ്രീമതി നളിനി.എ.എം | പ്രധാനാധ്യാപിക | 01-06-2024 | 31-03-2025 |
| ശ്രീമതി ഉമൈബ.എം | ക്ഷീരവികസനഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ അനൂപ് ആനന്ദ്.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ഡോ. ഷീന സ്റ്റാർലിൻ | മെഡിക്കൽ ഓഫീസർ ,കുടുംബാരോഗ്യകേന്ദ്രം | 01-04-2024 | 03-08-2024 |
| ഡോ. ഷൈൻ എം.കെ | മെഡിക്കൽ ഓഫീസർ ,കുടുംബാരോഗ്യകേന്ദ്രം | 04-08-2024 | 31-03-2025 |
| ഡോ.ജെനിൻ ജോസഫ് | മെഡിക്കൽ ഓഫീസർ ,ആയുർവ്വേദം | 01-04-2024 | 31-03-2025 |
| ഡോ.ശ്രീവിലാസ് | മെഡിക്കൽ ഓഫീസർ ,ഹോമിയോ | 01-04-2024 | 31-03-2025 |
| ശ്രീ വേണുഗോപാലൻ.ബി | ഫിഷറീസ് ഓഫീസർ | 01-04-2024 | 25-04-2024 |
| ശ്രീമതി ശ്രുതി ആർ നായർ | ഫിഷറീസ് ഓഫീസർ | 26-04-2024 | 26-11-2024 |
| ശ്രീ അരുൺബേബി | ഫിഷറീസ് ഓഫീസർ | 27-11-2024 | 31-03-2025 |

| | | | |
|---|---|---|---|
| സി.എം | | | |
| ഡോ.ശ്രീജിഷ | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ആസ്തികളുടെ മൂല്യനിർണ്ണയം കാലികമാക്കിയിട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യതയില്ല | 1-1-2 |
| 4 | ഇൻവെസ്റ്റ്മെന്റ് - കൃത്യമല്ല | 1-1-3 |
| 5 | എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും വിവരം വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-4 |
| 6 | ബഡ്ജറ്റ് | 1-2 |
| 7 | സാമ്പത്തിക വിശകലനം | 1-3 |
| 8 | ഫണ്ട് വിനിയോഗം | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 11 | ക്ഷേമപദ്ധതികൾ | 1-7 |
| 12 | ക്യാഷ് പരിശോധന | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 15 | തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് | 1-11-1 |
| 16 | പോസ്റ്റോഫീസ് ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. | 1-11-2 |
| 17 | ട്രേഡേഴ്സിന്റെ തൊഴിൽനികുതി- അഡ്വാൻസ് കളക്ഷൻ - രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-11-3 |
| 18 | തൊഴിൽനികുതി ഈടാക്കിയതിലുള്ള അപാകതകൾ | 1-11 |
| 19 | സർക്കാർ ഓഫീസ് കെട്ടിടങ്ങളെ വ്യാവസായിക ആവശ്യങ്ങൾക്കുള്ള ഓഫീസ് കെട്ടിടങ്ങളുടെ ഗണത്തിലുൾപ്പെടുത്തി അധിക വസ്തുനികുതി ഈടാക്കുന്നു. | 1-12-1 |
| 20 | തടിമില്ലുകൾക്ക് തെറ്റായ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നു. | 1-12-2 |
| 21 | വസ്തുനികുതി -സഞ്ചയ സോഫ്റ്റ് വെയർ, രേഖകൾ എന്നിവയുടെ പരിശോധന | 1-12 |
| 22 | ജെ.സി.ബി വർക്ക്ഷോപ്പ് അനധികൃതമായി പ്രവർത്തിക്കുന്നത് നിർത്തിവെക്കുന്നതിന് കത്ത് നൽകുകയും തുടർന്ന് ലൈസൻസ് അനുവദിക്കുകയും ചെയ്തു. | 1-13 |
| 23 | കെട്ടിട നിർമ്മാണ അപേക്ഷകളിൽ കണ്ടെത്തുന്ന ന്യൂനതകൾ അപേക്ഷകനെ അറിയിക്കുകയോ പെർമിറ്റ് അനുവദിക്കുകയോ ചെയ്തിട്ടില്ല. | 1-14 |
| 24 | 01.04.2025 മുതലുള്ള പണം പിൻവലിക്കൽ പരിശോധന നടത്താൻ | 1-15-1 |

| | | |
|---|---|---|
| | കഴിഞ്ഞിട്ടില്ല. | |
| 25 | ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ പത്രിക സമയബന്ധിതമായി തയ്യാറാക്കുന്നില്ല. | 1-15-2 |
| 26 | പ്രതിമാസ പൊരുത്തപ്പെടൽ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-15 |
| 27 | പാലിന് സബ്സിഡി- ഒരേ മാസത്തെ പാലളവിന് രണ്ടു തവണ തുക അനുവദിച്ചു | 1-16 |
| 28 | എ.ബി.സി പ്രോഗ്രാം വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ് | 1-17 |
| 29 | തുടർ സാക്ഷരത- പ്രോജക്റ്റ് നടപ്പാക്കിയതിലെ അപാകതകൾ | 1-18 |
| 30 | CAMPA കേരള അക്കൗണ്ടിലേക്ക് തുക നൽകിയത്- കുടിവെള്ളപദ്ധതികളുടെ പൂർത്തീകരണം മോണിറ്റർ ചെയ്യേണ്ടതാണ് | 1-19 |
| 31 | പൊതുസ്ഥലങ്ങളിൽ സിസിടിവി സ്ഥാപിക്കൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ് | 1-20 |
| 32 | മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല | 1-21 |
| 33 | ഹോമിയോ മരുന്നുകൾ മുഴുവനും ലഭ്യമായിട്ടില്ല | 1-22 |
| 34 | മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം മരുന്നുകൾ മുഴുവനും ലഭ്യമായിട്ടില്ല | 1-23 |
| 35 | വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-24 |
| 36 | പഠനമുറി നിർമ്മാണം - പൂർത്തികരിക്കേണ്ടതാണ് | 1-25 |
| 37 | ഇടെണ്ടർ ഫീസ് - പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ് | 1-26 |
| 38 | മരാമത്ത് പ്രവർത്തികൾ - പൊതുഅപാകതകൾ | 1-27 |
| 39 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും -അവലോകനം | 1-28 |
| 40 | ജലജീവൻ മിഷൻ പദ്ധതി - അവലോകനം | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പാലിന് സബ്സിഡി- ഒരേ മാസത്തെ പാലളവിന് രണ്ടു തവണ തുക അനുവദിച്ചു | 3-1 |
| ഭാഗം **4** | | |
| 1 | മെഡിസെപ് പ്രീമിയം- അടവാക്കിയതിന്റെ വിശദാംശങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |

| | | |
|---|---|---|
| 4 | ഡെപ്പോസിറ്റ് പ്രവൃത്തികൾകൾക്ക് തുക നൽകിയതിന്റെ വിവരം | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് | 4-5 |
| 6 | വായ്പ / വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-12 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വരവ് ചെലവ് സംക്ഷിപ്തം | |

# ഭാഗം –1

## പൊതു അവലോകനം

### 1–1–1 ആസ്തികളുടെ മൂല്യനിർണ്ണയം കാലികമാക്കിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയ വർക്ക് ഷീറ്റും തുകയുടെ കൃത്യതയും വിശദീകരിക്കപ്പെട്ടിട്ടില്ല.

### 1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കിഴക്കഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 7-5-2025 തീയതിയിലെ 5-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 15-5-2025തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**ബി. വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കിഴക്കഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്.

തീയതി:23-09-25

**ഡെപ്യൂട്ടി ഡയറക്ടർ**

## 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യതയില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 14844356 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -5704226.00 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-1-3 ഇൻവെസ്റ്റ്മെന്റ് - കൃത്യമല്ല

പാലക്കാട് സ്മാൾ ഹൈഡ്രോ ഇലക്ട്രിക് കമ്പനിയിൽ നിന്നും ഷെയറുകൾക്കുള്ള ഡിവിഡന്റ് ലഭിച്ചിട്ടുണ്ട്. എന്നാൽ വാർഷികണക്കിൽ ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ തുകയൊന്നും രേഖപ്പെടുത്തിയിട്ടില്ല.

## 1-1-4 എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും വിവരം വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

എ)വാർഷിക ധനകാര്യപത്രികയിൽ, RP-40(b)യിൽ ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് രേഖപ്പെടുത്തിയതിൽ ചുവടെ ചേർത്തിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം | ബാങ്കിന്റെ പേര് | അക്കൗണ്ട് നം |
|---|---|---|
| 1 | ബാങ്ക് ഓഫ് ബറോഡ | 62750100026006 |
| 2 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (MNREGS Holding Account) | 41745287195 |

മേൽ അക്കൗണ്ടുകളുടെ 01.04.2024 മുതൽ 31.03.2025 വരെയുള്ള റീകൺസീലിയേഷൻ നടത്തിയിട്ടുള്ളതാണ്.രണ്ടും സീറോ ബാലൻസ് അക്കൗണ്ടും ഈ സാമ്പത്തിക വർഷത്തിൽ ഒരു ട്രാൻസാക്ഷൻ പോലും നടത്തിയിട്ടില്ലാത്തതുമാണ്. .

## 1-2 ബഡ്ജറ്റ്

ഭരണ സമിതിയുടെ 06.02.2024 ന് ചേർന്ന ഭരണസമിതിയോഗത്തിലെ തീരുമാനം 1 (1) പ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ഭരണ സമിതിയുടെ 13.02.25 ന് ചേർന്ന യോഗത്തിലെ തീരുമാനം 1(2) പ്രകാരം ബജറ്റ്

റിവൈസ് ചെയ്തിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 40636942 |
| തൻവർഷം വരവ് | 427007468 |
| ആകെ വരവ് | 467644410 |
| ചെലവ് | 423053068 |
| നീക്കിയിരിപ്പ് | 44591342 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹37,729,625 |
| വരവ് | ₹97915549 |
| ആകെ | ₹135645174 |
| ചെലവ് | ₹83071193 |
| നീക്കിയിരിപ്പ് | ₹52573981 |

ILGMS മുഖേന തയ്യാറാക്കിയ വാർഷിക കണക്കിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്. ഗ്രാന്റിനങ്ങളിലെ വരവ്, ചെലവുകൾ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല.

മറ്റ് ഫണ്ടുകളുടെ വരവ്, ചെലവ് വിവരം ഖ. 1-4 ൽ ചേർത്തിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സ് ആയ തുക/ നീക്കി യിരുപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 41152000 | 41152000 | 39256475 | 1895525 |
| വികസന ഫണ്ട് - എസ്.സി.പി | 0 | 11707000 | 11707000 | 10855121 | 851879 |
| വികസന ഫണ്ട് - ടിഎസ്.പി | 0 | 1461000 | 1461000 | 1068412 | 392588 |
| മെയ്ന്റനൻസ് ഗ്രാന്റ് - റോഡ് | 0 | 53775000 | 53775000 | 47443703 | 6331297 |
| മെയ്ന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | 0 | 7630000 | 7630000 | 4702521 | 2927479 |
| CFC-അൺ ടൈഡ് ഗ്രാന്റ്-New | 3313452 | 7354849 | 10668301 | 5761562 | 4906739 |

| | | | | | |
|---|---|---|---|---|---|
| CFC-ടൈഡ് ഗ്രാന്റ്-New | 4777221 | 14890500 | 19667721 | 7230220 | 12437501 |
| CFC-പെർഫോമൻസ് ഗ്രാന്റ് | 0 | 323013 | 323013 | 323013 | 0 |
| -Health Grant-Converion Of Rural PHCs - Wellness | 359881 | 791396 | 1151277 | 339139 | 812138 |
| Health Grant-Diagnostic Infrastructure To PHCs | 1148945 | 537758 | 1686703 | 969360 | 717343 |
| Health Grant-Buidingless Subcentre | 0 | 0 | 0 | 0 | 0 |

**കേന്ദ്രാവിഷ്കൃതം**

എ)

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| ICDS കേന്ദ്ര വിഹിതം | 2698058 | 3154660 | 5852718 | 1908360 | 3944358 |
| സമ്പൂർണ്ണ ശുചിത്വം | 359139 | 120000 | 479139 | 477001 | 2138 |

**ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 8102 | 1854999 | 1863101 | 1863019 | 82 |
| തൊഴിലാളികളുടെ വേതനം | 0 | 31808004 | 31808004 | 31808004 | 0 |
| ആകെ | | 33663003 | 33671105 | 33671023 | 82 |

**സംസ്ഥാനാവിഷ്കൃതം**

| | മുന്നി | വരവ് | ആകെ | ചെലവ് | നീക്കി |
|---|---|---|---|---|---|

| | രിപ്പ് | | | | യിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ (State Share) | 1400000 | 310000 | 1710000 | 250000 | 1460000 |
| Total Sanitation | 54876 | 1526 | 56402 | 0 | 56402 |

## 1-5 പദ്ധതി അവലോകനം

എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 380 | 218342219 | 260 | 133986114 | 120 | 68 |

ബി) വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കി തുക ചെലവഴിച്ച പദ്ധതികളുടെ എണ്ണം | ചെലവ് | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 54 | 15036628 | 31 | 11232066 | 75 |
| അസി.സെക്രട്ടറി | 14 | 6212712 | 14 | 4007929 | 65 |
| കൃഷി ഓഫീസർ | 6 | 10869696 | 6 | 9445896 | 87 |
| വെറ്റിനറി സർജൻ | 17 | 9999000 | 11 | 1581387 | 16 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 14 | 6556656 | 9 | 3671656 | 56 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 5 | 637752 | 4 | 609165 | 96 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 4 | 670325 | 3 | 602924 | 90 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 240000 | 1 | 52760 | 22 |
| വി.ഇ.ഒ I & II | 29 | 52193300 | 20 | 23095193 | 44 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 13 | 8460200 | 11 | 7144923 | 84 |
| ഹെഡ്മാസ്റ്റർ | 10 | 2248516 | 7 | 1810626 | 81 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 211 | 102547434 | 141 | 68073373 | 66 |

| | | | | | |
|---|---|---|---|---|---|
| ഡയറി ഫാം ഇൻസ്റ്റക്റ്റർ | 2 | 2670000 | 2 | 2658216 | 100 |
| | 380 | 218342219 | 260 | 133986114 | 61 |

അതത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 8102 | 1854999 | 1863101 | 1863019 | 82 |
| തൊഴിലാളികളുടെ വേതനം | 0 | 31808004 | 31808004 | 31808004 | 0 |
| ആകെ | | 33663003 | 33671105 | 33671023 | 82 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 15079600 | 991 |
| 2 | വാർദ്ധക്യകാല പെൻഷൻ | 58647800 | 4084 |
| 3 | വികലാംഗ പെൻഷൻ | 7405400 | 478 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 860200 | 56 |
| 5 | വിധവാ പെൻഷൻ | 26949100 | 1768 |
| 6 | വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 180000 | 6 |

## 1-8 ക്യാഷ് പരിശോധന

കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.06.2025 തീയ്യതിയിൽ 12.55 PM സമയത്ത് ഹെഡ് അക്കൗണ്ടിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 1947/- (ആയിരത്തി തൊള്ളായിരത്തി നാൽപ്പത്തിയേഴ്)രൂപയുടെ വരവിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. എങ്കിലും ചുവടെ ചേർക്കുന്ന അപാകതകൾ നിലനിൽക്കുന്നു.

1) തനത് വരുമാനം തീരെ കുറഞ്ഞ ഈ പഞ്ചായത്തിൽ ആയത് വർദ്ധിപ്പിക്കുന്നതിന് പുതിയ തനത് വരുമാന മാർഗ്ഗങ്ങൾ ഒന്നും തന്നെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.
2) ഓഡിറ്റ് വർഷം പഞ്ചായത്തിന് ലഭിച്ച ഗ്രാന്റുകളുടെ വിനിയോഗത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. ആയത് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്
3) 4/25 മുതൽ നാളിതുവരെ ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ റീകൺസിലിയേഷൻ നടത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2013-14 മുതൽ 2017-18 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്.

18-01-23 തീയതിയിൽ നടന്ന പെർഫോമൻസ് ഓഡിറ്റിൽ ഡിസംബർ/22 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ഗുരുതരമായ ക്രമക്കേടുകളൊന്നും പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിട്ടില്ല. പൊതുവായ പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്

## 1-11-1 തൊഴിൽനികുതി ഈടാക്കിയതിൽ കുറവ്

27.06.2024ലെ സ.ഉ.(സാധാ) നം.1149/2024/LSGD ഉത്തരവ് പ്രകാരം ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തതനുസരിച്ച് പഞ്ചായത്തുകളിലെ തൊഴിൽനികുതി സ്ലാബുകൾ പരിഷ്കരിച്ചിട്ടുണ്ട്. പരിഷ്കരിച്ച നിരക്കുകൾക്ക് 2024 രണ്ടാം അർദ്ധവർഷം ആരംഭിക്കുന്ന ഒക്ടോബർ 1 മുതൽ പ്രാബല്യം ഉണ്ട്.

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.
ക്ലാസിക്ക് ഗോൾഡ് കവറിങ്, തച്ചക്കോട് എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയതിൽ, സ്ഥാപന ഉടമ സമർപ്പിച്ചിട്ടുള്ള റിട്ടേൺ പ്രകാരമുള്ള അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽനികുതി ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

രണ്ടാം അർദ്ധവർഷം

| ക്രമ നം | ജീവനക്കാരുടെ പേര് | അർദ്ധ വാർഷിക വരുമാനം (രൂപ) | ഈടാക്കിയ തൊഴിൽ കുതി | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് | രസീതി നം & തീയതി |
|---|---|---|---|---|---|---|
| 1 | റഫീന | 12000 | 120 | 320 | 200 | 1240305346 Dtd 14.03.2025 |
| 2 | ശോഭന | 12000 | 120 | 320 | 200 | |
| 3 | ബിന്ദു | 12000 | 120 | 320 | 200 | |
| 4 | മാധുരി | 12000 | 120 | 320 | 200 | |
| 5 | രജിത | 12000 | 120 | 320 | 200 | |
| 6 | ഇളങ്കോവൻ | 17000 | 180 | 320 | 140 | |
| 7 | ലത്തീഫ് | 17000 | 180 | 320 | 140 | |
| 8 | കമലേഷ് | 17000 | 180 | 320 | 140 | |
| ആകെ | | | 1140 | 2560 | 1420 | |

മേൽ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി കുറവായി ഈടാക്കിയിട്ടുള്ളതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/23.06.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവായി ഈടാക്കിയ തൊഴിൽനികുതി മേൽ ജീവനക്കാരിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**1-11-2 പോസ്റ്റോഫീസ് ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, ഇളവമ്പാടം | 1 & 2 |
| 2 | ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, കോരഞ്ചിറ | 2 |
| 3 | ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, മൂലംകോട് | 1 & 2 |

മേൽ കേന്ദ്രസർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. തുടർച്ചയായി ഇത്തരത്തിൽ തൊഴിൽനികുതി ഈടാക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/23.06.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.
ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

**1-11-3 ട്രേഡേഴ്സിന്റെ തൊഴിൽനികുതി- അഡ്വാൻസ് കളക്ഷൻ - രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.**

2024-25 വർഷത്തിൽ ട്രേഡേഴ്സിന്റെ തൊഴിൽനികുതി ഇനത്തിൽ അഡ്വാൻസ് കളക്ഷൻ (2025-26 വർഷത്തേക്ക്) ആയി ലഭിച്ചിട്ടുള്ള വരവ് ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത് 68200 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ (RP35 Other Liabilities, Code-350410102) രേഖപ്പെടുത്തിയിട്ടുള്ളത് 1,53,090 രൂപയാണ്. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/23/06/2025)മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

**1-11 തൊഴിൽനികുതി ഈടാക്കിയതിലുള്ള അപാകതകൾ**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), (2) പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധവർഷവും ആകെ 60 ദിവസത്തിൽ കുറയാതെ ആ പ്രദേശത്ത് ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയാളുടെ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. അപ്രകാരം, കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

**1-12-1 സർക്കാർ ഓഫീസ് കെട്ടിടങ്ങളെ വ്യാവസായിക ആവശ്യങ്ങൾക്കുള്ള ഓഫീസ് കെട്ടിടങ്ങളുടെ**

**ഗണത്തിലുൾപ്പെടുത്തി അധിക വസ്തുനികുതി ഈടാക്കുന്നു.**

05.04.2023 തീയതിയിലെ സ.ഉ(അച്ചടി) നം-25/2023/LSGD ഉത്തരവ് പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഈ നിരക്കുകൾക്ക് 2023 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. നിരക്കുകൾ ചുവടെ ചേർക്കുന്നു.

Revision Year 2023

| വിഭാഗം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് | ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള നിരക്ക് |
|---|---|---|---|
| സർക്കാർ ഓഫീസ് കെട്ടിടങ്ങൾ | 6 | 10 | 7 |
| മറ്റ് ഓഫീസ് കെട്ടിടങ്ങൾ | 40 | 60 | 45 |

Revision Year 2013

| വിഭാഗം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് | ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള നിരക്ക് |
|---|---|---|---|
| ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 30 | 50 | 40 |

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സർക്കാർ സ്ഥാപനങ്ങളായ ഫോറസ്റ്റ് സ്റ്റേഷൻ, വില്ലേജ് ഓഫീസ് കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത് ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) എന്ന ഗണത്തിലുൾപ്പെടുത്തിയാണ്. അടിസ്ഥാന വസ്തുനികുതി 40രൂപ നിരക്കിൽ കണക്കാക്കിയാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത് (Revision Year 2013 പ്രകാരം). കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കെട്ടിട നം | വിസ്തീർണ്ണം (ച.മീ) | ഈടാക്കുന്ന വാർഷിക വസ്തുനികുതി |
|---|---|---|---|---|
| 1 | ഫോറസ്റ്റ് സ്റ്റേഷൻ, മംഗലം ഡാം | 6/357 | 64 | 2372 |
| | | 6/585 | 156.23 | 7237 |
| | | 6/586 | 121.8 | 1906 |
| 2 | വില്ലേജ് ഓഫീസ്, കുന്നങ്കാട് | 22/332 | 60 | 3057 |

മേൽ കെട്ടിടങ്ങൾക്ക് 2013 റിവിഷൻ പ്രകാരമുള്ള, വ്യാവസായശാലകളുടെ ഓഫീസ് കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ അധിക വസ്തുനികുതി ഈടാക്കിയിട്ടുള്ളതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (9/25.06.2025) നൽകിയിരുന്നു.

താഴെ പറയും പ്രകാരമാണ് മറുപടി ലഭ്യമാക്കിയത്.

മേൽ കെട്ടിടങ്ങൾക്ക് പുതിയതായി അനുവദിച്ച കെട്ടിട നമ്പറുകൾ അല്ലാത്തതിനാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ നാളിതുവരെയുള്ള നിരക്കിൽ തന്നെയാണ് ക്രമീകരിച്ചിട്ടുള്ളത്. നിലവിലെ സോഫ്റ്റ്‌വെയറിൽ നികുതി പുനർനിശ്ചയിച്ച് 05.04.2023 തീയതിയിലെ സ.ഉ(അച്ചടി) നം 25/2023/LSGD ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയ നിരക്കിൽ നികുതി പുനർനിശ്ചയിച്ച്

നൽകുന്നതാണെന്ന് ബോധിപ്പിക്കുന്നു.

മേൽ കെട്ടിടങ്ങൾക്ക് 2013 റിവിഷൻ പ്രകാരമുള്ള, സർക്കാർ ഓഫീസ് കെട്ടിടങ്ങൾക്ക് ബാധകമായ നികുതി പുനർനിർണ്ണയം നടത്തി അറിയിക്കേണ്ടതും രേഖകൾ ഹാജരാക്കേണ്ടതുമാണ്.

**1-12-2 തടിമില്ലുകൾക്ക് തെറ്റായ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നു.**

2023 വസ്തുനികുതി പരിഷ്കരണ നിരക്ക് പ്രകാരം വ്യാവസായിക ആവശ്യത്തിനുള്ള ഇഷ്ടികച്ചൂള,തടിമില്ല് എന്നിവയ്ക്ക് ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള നിരക്ക് 25രൂപയാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന തടിമില്ലുകൾക്ക് നിലവിലും വ്യാവസായികാവശ്യത്തിനുള്ള കൈത്തറി,കയർപിരി ഷെഡ് എന്ന ഗണത്തിലുൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 15 രൂപ നിരക്കിലാണ് നികുതി ഈടാക്കിവരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം (ച.മീ) | ഈടാക്കുന്ന വാർഷിക വസ്തുനികുതി |
|---|---|---|---|---|
| 1 | 2/58 | വി.ഇ.ഷറഫുദ്ദീൻ, കരുമനശ്ശേരി. | 361.04 | 2895 |
| 2 | 3/705 | അബ്ദുൾഖാദർ, നെല്ലിക്കോട്, വണ്ടാഴി | 195.42 | 3395 |
| 3 | 4/842 | എൻ.കെ.കരീം, വണ്ടാഴി | 44.2 | 769 |
| 4 | 22/58 | പൊന്മല,ചീരക്കുഴി, കിഴക്കഞ്ചേരി | 250 | 4342 |
| 5 | 22/107 | ഔസേഫ് & പൗലോസ്, കുണ്ടുകാട്. | 178.5 | 192 |

ഇത്തരത്തിൽ പരിഷ്കരിച്ച നിരക്കിലല്ലാതെ നികുതി ഈടാക്കുന്നത് വഴി ഗ്രാമപഞ്ചായത്തിന് ഗണ്യമായ നികുതി നഷ്ടം ഉണ്ടാകുന്നുണ്ട്. മേൽ കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/25.06.2025) ലഭ്യമാക്കിയ മറുപടിയിൽ മേൽ കെട്ടിടങ്ങൾക്ക് മുൻ വർഷങ്ങളിൽ തുടർന്ന് വന്നിട്ടുള്ള നിരക്കിലാണ് സോഫ്റ്റ്‌വെയറിൽ ക്രമീകരിച്ചിട്ടുള്ളത്, ആയതിൽ 2023 വസ്തുനികുതി പരിഷ്കരണ നിരക്ക് പ്രകാരമുള്ള നികുതി പുനർനിർണ്ണയിച്ച് ഡിമാന്റ് നോട്ടീസ് നൽകി യഥാവിധി ഉടമസ്ഥരെ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

വസ്തുനികുതി പരിഷ്കരണത്തിന് ശേഷവും സഞ്ചയ ഡാറ്റയിലെ തെറ്റുകൾ തുടരുകയും ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിക്കാത്ത സാഹചര്യവുമാണ് നിലവിലുള്ളത്.പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള ഏതാനും കെട്ടിടങ്ങളുടെ കാര്യമാണ് മേൽ സൂചിപ്പിച്ചിട്ടുള്ളത്. ഇത്തരത്തിൽ സഞ്ചയ ഡാറ്റയിലെ തെറ്റുകൾ മൂലം വസ്തുനികുതി കുറവായി ഈടാക്കുന്നതുവഴി പഞ്ചായത്തിന് ഗണ്യമായ നഷ്ടം ഉണ്ടാകാനിടയുണ്ട്. സഞ്ചയയിലെ ഡാറ്റയാണ് കെസ്മാർട്ടിലേക്ക് പോർട്ട് ചെയ്തത് എന്നതിനാൽ ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിക്കാതിരുന്നാൽ കെസ്മാർട്ടിലും ഇത്തരത്തിൽ ഡാറ്റയിലെ തെറ്റുകൾ നിലനിൽക്കുന്നത് വഴി വസ്തുനികുതി ഇനത്തിൽ നഷ്ടം ഉണ്ടാകുന്നതാണ്. ആയതിനാൽ മേൽ കെട്ടിടങ്ങൾക്ക് ബാധകമായ നികുതി പുനർനിർണ്ണയം നടത്തി ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കേണ്ടതുമാണ്.

**1-12 വസ്തുനികുതി -സഞ്ചയ സോഫ്റ്റ് വെയർ, രേഖകൾ എന്നിവയുടെ പരിശോധന**

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 207 വകുപ്പ് പ്രകാരം വസ്തുനികുതിയിൽ നിന്ന്

ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203 വകുപ്പ് പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി രേഖകൾ, സഞ്ചയ സോഫ്റ്റ് വെയർ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

**1-13 ജെ.സി.ബി വർക്ക്ഷോപ്പ് അനധികൃതമായി പ്രവർത്തിക്കുന്നത് നിർത്തിവെക്കുന്നതിന് കത്ത് നൽകുകയും തുടർന്ന് ലൈസൻസ് അനുവദിക്കുകയും ചെയ്തു.**

സെക്രട്ടറിയുടെ 04.04.2024 തീയതിയിലെ 400822/RPTL10/GPO/2024/1910/(2)നം പ്രകാരം അനധികൃതമായി പ്രവർത്തിക്കുന്ന ജെ.സി.ബി വർക്ക് ഷോപ്പ് പ്രവർത്തനം നിർത്തി വയ്ക്കുന്നതിന് ശിവരാമൻ, ചിരട്ടകാടിൽ,വണ്ടാഴി എന്ന വ്യക്തിക്ക് കത്ത് നൽകിയിട്ടുണ്ട്. 19.03.2024 തീയതിയിൽ ശ്രീ.ജോൺ കോശി എന്ന വ്യക്തി നൽകിയ പരാതിയിന്മേൽ അന്വേഷണം നടത്തിയതിൽ ജെ.സി.ബി റിപ്പയർ സമയത്ത് ഉണ്ടാകുന്ന അതികഠിനമായ ശബ്ദം പരിസരവാസികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു എന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ നോട്ടീസ് കിട്ടിയ ഉടൻ അനധികൃതമായി പ്രവർത്തിക്കുന്ന ജെ.സി.ബി വർക്ക് ഷോപ്പ് പ്രവർത്തനം നിർത്തി വയ്ക്കേണ്ടതും വിവരം രേഖാമൂലം അറിയിക്കേണ്ടതാണെന്നും നിർദ്ദേശിച്ചാണ് കത്ത് നൽകിയിട്ടുള്ളത്. ഈ നിർദ്ദശം പാലിക്കാതിരിക്കുന്നത് സംബന്ധിച്ച് വടക്കഞ്ചേരി പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് കത്ത് നൽകിയിട്ടുള്ളതായും ശ്രീ.ജോൺ കോശി എന്ന വ്യക്തി നൽകിയ വിവരാവകാശനിയമപ്രകാരമുള്ള ചോദ്യങ്ങൾക്കുള്ള മറുപടിയിൽ (13.05.2024ലെ 400822/GGRl12/GPO/2024/2609/(1) നം കത്ത്) പറയുന്നുണ്ട്.

എന്നാൽ ശിവരാമൻ,ചിരട്ടകാടിൽ,വണ്ടാഴി എന്ന വ്യക്തിക്ക് ജെ.സി.ബി സർവ്വീസസ് നടത്തുന്നതിന് (സ്ഥാപനത്തിന്റെ പേര്-ശിവാസ് ജെ.സി.ബി റിപ്പയർ & സർവ്വീസസ് യൂണിറ്റ്) 11.06.2024ന് വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് (No-400822/RPTL20/GPO/2024/2911(228)) അനുവദിച്ചിട്ടുണ്ട്. 20.05.2024 മുതൽ 23.03.2029 വരെയാണ് ലൈസൻസ് കാലാവധി.

പിന്നീട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.08.2024തീയതിയിലെ 23(1) നമ്പർ തീരുമാന പ്രകാരം ജെ.സി.ബി വർക്ക് ഷോപ്പ് പ്രവർത്തിക്കുമ്പോൾ അസഹ്യമായ ശബ്ദം ഉണ്ടാകുന്നതായുള്ള പ്രദേശവാസികളുടെ പരാതി, ബുദ്ധിമുട്ട് എന്നിവ പരിഗണിച്ച് സ്ഥാപനം നിലവിലെ ജനവാസ മേഖലയിൽനിന്നും മാറ്റി സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകികൊണ്ട് മേൽ ലൈസൻസിക്ക് സെക്രട്ടറി കത്ത് നൽകിയിട്ടുണ്ട് (12.09.2024ലെ 400822/RPDC17/GPO/2024/4603/(3) നം കത്ത്).

പ്രവർത്തനം നിർത്തിവെക്കുന്നതിന് കത്ത് നൽകുകയും തുടർന്ന് 5 വർഷത്തേക്ക് ലൈസൻസ് അനുവദിക്കുകയും വീണ്ടും സ്ഥാപനം മാറ്റി സ്ഥാപിക്കാനാവശ്യപ്പെടുകയും ചെയ്തിട്ടുള്ളതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (12/26.06.2025) മറുപടിയിൽ ഹൈക്കോടതി വിധിയെതുടർന്ന് മലിനീകരണ ബോർഡിൽനിന്നുള്ള പ്രവർത്തനാനുമതി ലഭിക്കുന്നതുവരെ സ്ഥാപനം പ്രവർത്തിക്കുന്നില്ലെന്ന കാര്യം പഞ്ചായത്തിന് ഉറപ്പുവരുത്തേണ്ടതിനാൽ വൈകുന്നേരങ്ങളിൽ പ്രവർത്തിക്കുന്നുണ്ടോയെന്നത് പരിശോധിക്കുന്നതിനാണ് പോലീസ് സ്റ്റേഷനിലേക്ക് കത്ത് നൽകിയതെന്ന് അറിയിച്ചിട്ടുണ്ട്. 06.05.2024ന് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും സ്ഥാപനം പ്രവർത്തിക്കുന്നതിനാവശ്യമായ കൺസെന്റ് ടു ഓപ്പറേറ്റ് സാക്ഷ്യപത്രം ലഭിച്ചതിന്റെയും കെസ്വിഫ്റ്റ് മുഖേനയുള്ള അപേക്ഷയായതിനാലുമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്. വീണ്ടും പരാതിയുണ്ടായതിനെ തുടർന്നാണ് സ്ഥാപനം മറ്റൊരു

സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ചുള്ള തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**1-14 കെട്ടിട നിർമ്മാണ അപേക്ഷകളിൽ കണ്ടെത്തുന്ന ന്യൂനതകൾ അപേക്ഷകനെ അറിയിക്കുകയോ പെർമിറ്റ് അനുവദിക്കുകയോ ചെയ്യിട്ടില്ല.**

31.10.2022 തീയതിയിലെ 5473940/2022 നം സർക്കുലർ പ്രകാരം കെട്ടിട നിർമ്മാണ അപേക്ഷകളിൽ കണ്ടെത്തുന്ന ന്യൂനതകൾ പൂർണ്ണമായും ഒറ്റതവണയായി നോട്ടീസ് മുഖാന്തിരം അറിയിക്കുന്നതും ശേഷിക്കുന്ന നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതും സംബന്ധിച്ച് പൊതുനിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. എന്നാൽ 2024-25 വർഷം ലഭ്യമായിട്ടുള്ള അപേക്ഷകളിൽ ന്യൂനതകൾ പരിഹരിക്കുന്നതിന് നോട്ടീസ് നൽകുകയോ അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുകയോ ചെയ്തതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര്, ഫയൽ നം | അപേക്ഷസമർപ്പിച്ച തീയതി | അപേക്ഷ ഫീസ് | റിമാർക്സ് |
|---|---|---|---|---|
| 1 | ഫാത്തിമ ബീവി, മൂലംകോട് (263/25 Dtd 13.01.2025) | 27.12.2024 | 500 (1240303747/ G091204 Dtd 13.01.2025) | ന്യൂനതകൾ അറിയിച്ചിട്ടില്ല. |
| 2 | രഘുനാഥ്,ഇളവമ്പാടം (330/25 Dtd 16.01.2025) | 16.01.2025 | 500 (1240303810 Dtd 16.01.2025) | അപാകത പരിഹരിച്ച് പ്ളാൻ പുനർസമർപ്പിച്ചിട്ടുണ്ട്. പെർമിറ്റ് അനുവദിച്ചതായി കാണുന്നില്ല. |
| 3 | ഐഷ,കോരഞ്ചിറ (790/25 Dtd 04.02.2025) | 04.02.2025 | 500 (1240304109 Dtd 04.02.2025) | ന്യൂനതകൾ അറിയിച്ചിട്ടില്ല. |
| 4 | ജിഷ്ണു.പി.വി, മംഗലം ഡാം (1960/25 Dtd 19.03.2025) | 19.03.2025 | 500 (1240305695 Dtd 19.03.2025) | ന്യൂനതകൾ അറിയിച്ചിട്ടില്ല. |
| 5 | ഷാജഹാൻ മൗലവി (2349/25 Dtd 29.03.2025) | 01.03.2025 | 500 (1240305281 Dtd 13.03.2025) | ന്യൂനതകൾ അറിയിച്ചിട്ടില്ല. |

കെ സ്മാർട്ട് ലോഗിനിൽ ഫയൽ സെർച്ച് ഓപ്ഷൻ വഴി പരിശോധിച്ചിട്ടുള്ള ഏതാനും ചില ഫയലുകളുടെ വിശദാംശങ്ങളാണ് മേൽ പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിൽ ലഭ്യമായിട്ടുള്ള അപേക്ഷകളിൽ ന്യൂനതകൾ പരിഹരിക്കുന്നതിന് നോട്ടീസ് നൽകുകയോ അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുകയോ ചെയ്യിട്ടില്ലാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/27.06.2025) ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം 1,2 അപേക്ഷകളിൽ സാങ്കേതിക വിഭാഗം അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും ക്രമ നം 3,4,5 ന്യൂനത ഫയലുകൾ അല്ലെന്നും ടി ഫയലുകളിന്മേൽ പെർമിറ്റ് ഫീസ് അടവാക്കേണ്ടതും ആയതിനുള്ള അറിയിപ്പ് എസ്.എം.എസ് ആയോ വാട്ട്സ് ആപ്പ് മുഖാന്തിരമോ അപേക്ഷകനെ അറിയിക്കുന്നതിനുള്ള

സംവിധാനം കെ സ്മാർട്ട് സോഫ്റ്റ്‌വെയറിൽ ഏർപ്പെടുത്തിയിട്ടുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്.

കെട്ടിട നിർമ്മാണ അപേക്ഷകളിൽ കണ്ടെത്തുന്ന ന്യൂനതകൾ പൂർണ്ണമായും ഒറ്റതവണയായി നോട്ടീസ് മുഖാന്തിരം അപേക്ഷകനെ അറിയിക്കേണ്ടതും ന്യൂനതകൾ നിശ്ചിത സമയത്തിനകം പരിഹരിച്ച് പുനസമർപ്പിക്കാത്ത പക്ഷം നടപടി ക്രമങ്ങൾ പാലിച്ച് സമയബന്ധിതമായി പ്രസ്തുത ഫയലിൽ തീർപ്പുകൽപ്പിക്കാവുന്നതും പെർമിറ്റ് ഫീസ് അടവാക്കേണ്ട അപേക്ഷകരെ വിവരം യഥാസമയം അറിയിക്കേണ്ടതുമാണ്. മേൽ പെർമിറ്റ് ഫയലുകളിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**1-15-1 01.04.2025 മുതലുള്ള പണം പിൻവലിക്കൽ പരിശോധന നടത്താൻ കഴിഞ്ഞിട്ടില്ല.**

01.04.2025 മുതൽ ഓഡിറ്റ് തീയതിവരെയുള്ള പണം പിൻവലിക്കൽ പരിശോധന നടത്താൻ കഴിഞ്ഞിട്ടില്ല.

01.04.2025 മുതൽ കെ സ്മാർട്ട് (K-SMART -Kerala Solutions For Managing Administrative Reformations And Transformation) അക്കൗണ്ടിങ് സോഫ്റ്റ്‌വെയറാണ് സ്ഥാപനം ഉപയോഗിച്ചുവരുന്നത്. എന്നാൽ കെ സ്മാർട്ട് സോഫ്റ്റ്‌വെയറിൽ ബാങ്ക് ബുക്ക് എൻട്രി, ബാങ്ക് റീകൺസീലിയേഷൻ എന്നിവ ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ നിലവിലില്ലാത്തത്കൊണ്ടുതന്നെ ഗ്രാമപഞ്ചായത്തിലെ ബാങ്ക് അക്കൗണ്ടുകളുടെയൊന്നും റീകൺസീലിയേഷൻ നടത്തിയിട്ടില്ല. കൃത്യമായ ബാങ്ക് ബുക്ക് എൻട്രികളുടെയും ബാങ്ക് റീകൺസീലിയേഷന്റെയും അഭാവത്തിൽ 01.04.2025 മുതൽ ഓഡിറ്റ് തീയതിവരെയുള്ള കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ വിവിധ ബാങ്ക് അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കൽ പരിശോധന നടത്താൻ കഴിഞ്ഞിട്ടില്ല.

**1-15-2 ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ പത്രിക സമയബന്ധിതമായി തയ്യാറാക്കുന്നില്ല.**

2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ [28.03.2011 തീയതിയിലെ സ.ഉ (എം.എസ്) നമ്പർ-83/11/എൽ.എസ്.ജി.ഡി] അദ്ധ്യായം 6 ചട്ടം 57 പ്രകാരം ബാങ്ക് ബുക്കുകളുടെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. പൊരുത്തപ്പെടുത്തൽ (റീകൺസീലിയേഷൻ) പൂർത്തിയായി കഴിഞ്ഞാൽ അടുത്ത മാസം 5ാം തീയതിക്കുള്ളിൽ അക്കൗണ്ടന്റ് ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക (റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ്) തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

എന്നാൽ 2025 ഏപ്രിൽ,മെയ് മാസങ്ങളിൽ ഗ്രാമപഞ്ചായത്തിലുള്ള താഴെ പറയുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ റീകൺസീലിയേഷൻ നടത്തിയിട്ടില്ല.

| Sl No | Name Of Bank | Account No |
|---|---|---|
| 1 | BARODA BANK-HEALTH GRANT - DIAGNOSTIC INFRA | 62750100026007 |
| 2 | Baroda Bank-TSC | 62750100004014 |
| 3 | BARODA -HUDCO | 62750100026039 |
| 4 | BARODA-MGNREGS | 62750100003714 |
| 5 | BARODA- UPI QR Code | 62750100026705 |
| 6 | Canara Bank | 110075895504 |
| 7 | HDFC Bank - Demat Account | 50200075320154 |

| Sl No | Name Of Bank | Account No |
|---|---|---|
| 8 | IDBI(SBM) | 0336104000221092 |
| 9 | Kerala Bank- ICDS Central Share(1901020000156) | 156112801001191 |
| 10 | KERALA BANK OWN FUND 001 | 01901280000001 |
| 11 | KERALA GRAMIN BANK-XVFC-PFMS | 40276101050482 |
| 12 | KSCB-103 | 10160000103 |
| 13 | PDCB-156 ICDS CENTRAL SHARE | 1901020000156 |
| 14 | STATE BANK OF INDIA | 67382072711 |
| 15 | State Bank Of India - MGNREGS Holding Account | 41745287195 |
| 16 | Sub Treasury, Vadakkencherry | 799013000000016 |
| 17 | Sub Treasury, Vadakkencherry | 714071400000002 |
| 18 | Sub Tresury | 799011400001234 |
| 19 | The Kerala State Co-Operative Bank Ltd- Own Fund | 156112801003603 |
| 20 | Treasury | 799013000001222 |

മേൽ അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ പത്രിക (Reconciliation Statement) തയ്യാറാക്കിയിട്ടില്ലാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/26.06.2025) ലഭ്യമായ മറുപടിയിൽ 2025-26 സാമ്പത്തിക വർഷം മുതൽ ഉപയോഗിച്ചുവരുന്ന കെസ്മാർട്ട് സോഫ്റ്റ്‌വെയറിൽ റീകൺസീലിയേഷൻ ചെയ്യുന്നതിനുള്ള സംവിധാനം പൂർണ്ണമായിട്ടില്ലാത്തതിനാൽ ഐ.കെ.എം ന്റെ ശ്രദ്ധയിൽപ്പെടുത്തുകയും റീകൺസീലിയേഷൻ സംവിധാനം ലഭ്യമാകുന്ന മുറയ്ക്ക് പൂർത്തീകരിക്കുന്നതുമാണ് എന്നാണ് അറിയിച്ചിട്ടുള്ളത്.

റീകൺസീലിയേഷൻ പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-15 പ്രതിമാസ പൊരുത്തപ്പെടൽ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2024-25 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക, ബാങ്ക്/ട്രഷറി ട്രാൻസാക്ഷൻ സ്റ്റേറ്റ്മെന്റുകൾ, പ്രതിമാസ പൊരുത്തപ്പെടൽ പത്രികകൾ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

## 1-16 പാലിന് സബ്സിഡി- ഒരേ മാസത്തെ പാലളവിന് രണ്ടു തവണ തുക അനുവദിച്ചു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്പക്ടർ |
| പ്രോജക്ട് നം. | 130/25 (ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി- എസ്.സി) |
| അടങ്കൽ | ₹120000 (20000-വികസനഫണ്ട്(SCP), 100000-ജില്ലാപഞ്ചായത്ത് വിഹിതം) |
| ചെലവ് | ₹120000 (20000-വികസനഫണ്ട്(SCP), 100000-ജില്ലാപഞ്ചായത്ത് വിഹിതം) |
| ബിൽ നം/ തിയതി | 4/31.12.2024, 100000<br>8/13.03.2025, 20000 |

കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് അളക്കുന്ന പാലിന് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഓരോ ലിറ്ററിനും 3 രൂപ നിരക്കിൽ പരമാവധി 40000 രൂപ നൽകുക എന്നതാണ് പ്രോജക്റ്റ്.

6 ക്ഷീര സഹകരണ സംഘങ്ങളിലായി ഉൾപ്പെട്ട 36 ഗുണഭോക്താക്കൾക്കാണ് പ്രോജക്റ്റ് പ്രകാരം പാലിന് സബ്സിഡി അനുവദിക്കുന്നതിനായി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത് . ഗുണഭോക്തൃ ലിസ്റ്റിന് 26.11.2024 തീയതിയിലെ 4/3 നമ്പർ തീരുമാന പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ബിൽ നം.4/31.12.2024, ₹100000 പ്രകാരം 28 ഗുണഭോക്താക്കൾക്കാണ് പാലിന് സബ്സിഡി നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ക്ഷീര സംഘത്തിന്റെ പേര് | പാലിന് സബ്സിഡി നൽകിയ ഗുണഭോക്താക്കളുടെ എണ്ണം | പാലിന് സബ്സിഡി നൽകിയ മാസങ്ങൾ |
|---|---|---|---|
| 1 | മമ്പാട് | 2 | 4/24 To 9/24 |
| 2 | വാൽക്കുളമ്പ് | 6 | 4/24 To 22.11.24 |
| 3 | ചെറുകുന്നം | 5 | 4/24 To 11/24 |
| 4 | മംഗലം ഡാം | 2 | 4/24 To 8/24 |
| 5 | കണ്ണംകുളം | 3 | 4/24 To 9/24 |
| 6 | മേനോൻ തരിഷ് | 10 | 4/24 To 11/24 |

ബിൽ നം.8/13.03.2025, ₹20000 പ്രകാരം 18 ഗുണഭോക്താക്കൾക്കാണ് പാലിന് സബ്സിഡി നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ക്ഷീര സംഘത്തിന്റെ പേര് | പാലിന് സബ്സിഡി നൽകിയ ഗുണഭോക്താക്കളുടെ എണ്ണം | പാലിന് സബ്സിഡി നൽകിയ മാസങ്ങൾ |
|---|---|---|---|
| 1 | കണ്ണംകുളം | 2 | 10/24 To 12/24 |
| 2 | മമ്പാട് | 2 | 10/24 To 12/24 |
| 3 | വാൽക്കുളമ്പ് | 5 | 23.11.24 To 12/24 |
| 4 | മംഗലം ഡാം | 2 | 9/24 |
| 5 | മേനോൻ തരിഷ് | 7 | 10/24 To 12/24 |

മേനോൻ തരിഷ് ക്ഷീരോൽപ്പാദക സംഘത്തിലെ 10 ഗുണഭോക്താക്കൾക്ക് ബിൽ നം. 4/31.12.2024 പ്രകാരം മാറിയ ബില്ലിൽ നിന്നും 10/24, 11/24 എന്നീ മാസങ്ങളിലേതുൾപ്പെടെയുള്ള തുക അനുവദിച്ചിരുന്നു. വീണ്ടും മേനോൻ തരിഷ് ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ പാലളക്കുന്ന 7 ഗുണഭോക്താക്കൾക്ക് 2024 ഒക്ടോബർ, നവംബർ മാസങ്ങളിലെ പാലളവിന് 8/13.03.2025ലെ ബിൽ പ്രകാരവും തുക മാറി നൽകിയിട്ടുണ്ട്. ഈ ബിൽ പ്രകാരം തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | 4/31.12.2024 പ്രകാരം അനുവദിച്ച സബ്സിഡി | | | 8/13.03.2025, പ്രകാരം അനുവദിച്ച സബ്സിഡി | | |
|---|---|---|---|---|---|---|---|
| | | OCTOBER | November | Subsidy | OCTOBER | November | Subsidy |
| 1 | ചാമി.കെ.വി | 437 | 267 | 2112 | 437 | 267 | 2112 |
| 2 | സ്വാമിനാഥൻ.പി | 277 | 73 | 1050 | 277 | 73 | 1050 |
| 3 | കല്യാണി മണി | 370 | 251 | 1863 | 370 | 251 | 1863 |
| 4 | കൃഷ്ണൻകുട്ടി.വി | 0 | 0 | 0 | 0 | 0 | 0 |
| 5 | വേശു | 155 | 165 | 960 | 155 | 165 | 960 |
| 6 | സ്വാമിനാഥൻ.സി | 224 | 132 | 1068 | 224 | 132 | 1068 |
| 7 | തമ്പ | 36 | 85 | 363 | 36 | 85 | 363 |
| | ആകെ | 1499 | 973 | 7416 | 1499 | 973 | 7416 |

ഇപ്രകാരം ഒരേ ഗുണഭോക്താക്കൾക്ക് തന്നെ ഒക്ടോബർ, നവംബർ എന്നീ മാസങ്ങളിലെ പാലളവിന് രണ്ടു തവണ സബ്സിഡി നൽകിയിട്ടുണ്ട്. ഇതു മൂലം 7416 രൂപ അധികം ചെലവഴിച്ചിട്ടുണ്ട്.

2) ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ചിഞ്ചു.പി.സി യ്ക്ക് 14718 (13425+1293) രൂപയും (വാൽക്കുളമ്പ് ക്ഷീരോൽപ്പാദക സംഘം), പി.വി.വേലായുധൻ എന്ന വ്യക്തിയ്ക്ക് 8067 രൂപയും (ചെറുകുന്നം ക്ഷീരോൽപ്പാദക സംഘം) പാലിന് സബ്സിഡിയായി നൽകിയിട്ടുണ്ട്.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/24.06.2025) മറുപടി ലഭ്യമാക്കിയില്ല.
അധികമായി നൽകിയ 7416 രൂപ നിർവഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കേണ്ടതും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് പാലിന് സബ്സിഡി നൽകിയതിനുള്ള കാരണം വ്യക്തമാക്കേണ്ടതുമാണ്. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് നൽകിയ സബ്സിഡി തുകയായ 22785 രൂപ തടസ്സപ്പെടുത്തുന്നു.
(ഭാഗം 3-1 കാണുക).

**1-17 എ.ബി.സി പ്രോഗ്രാം വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ്**

| | |
|---|---|
| പ്രോജക്ട് നം. | 16/25 (എ.ബി.സി പ്രോഗ്രാം) |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 350000 (വികസനഫണ്ട്-ജനറൽ) |
| ചെലവ് | 350000 |
| ബിൽ നം/ തിയതി | 11/19.03.2025, ₹.350000 |

2024-25 വർഷത്തിൽ തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനായിട്ടുള്ള എ.ബി.സി പ്രോഗ്രാമിന്റെ ഭാഗമായി 350000/- രൂപ പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് (അക്കൗണ്ട് നം.799011400002200) നൽകിയിട്ടുണ്ട്. തുക വിനിയോഗിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/24.06.2025) മറുപടി ലഭ്യമാക്കിയില്ല.

പദ്ധതി പൂർത്തിയാക്കി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

**1-18 തുടർ സാക്ഷരത- പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ**

നിർവഹണ ഉദ്യോഗസ്ഥൻ : ഹെഡ്മാസ്റ്റർ

| | |
|---|---|
| പ്രോജക്ട് നം | 213/24 (പത്ത് ഹയർസെക്കണ്ടറി തുല്യതാപഠനം) |
| അടങ്കൽ | 200000 (വികസനഫണ്ട്-ജനറൽ) |
| ചെലവ് | 84850 |
| ബിൽ നം, തീയതി | 3/24.03.2025, 38850<br>4/24.03.2025, 46000 |

തുടർ സാക്ഷരത പദ്ധതിയുടെ ഭാഗമായി പ്ലസ് ടു, പത്താം ക്ലാസ്സ് തുല്യതാ പരിശീലനം നൽകുന്നതിനു കോഴ്സ് ഫീസ് നൽകുക എന്നതാണ് പ്രോജക്ട്. പത്താംതരം തുല്യതയ്ക്കുള്ള ഗുണഭോക്താക്കൾ കോഴ്സ് ഫീ ആയ 1850 രൂപയിൽ 100 രൂപയും പ്ലസ് വൺ ഗുണഭോക്താക്കൾ 2500 രൂപയിൽ 300 രൂപയും പഞ്ചായത്തിൽ അടയ്ക്കേണ്ടതും രണ്ടാം വർഷ പ്ലസ് ടു ഗുണഭോക്താക്കൾ 2200 രൂപയിൽ ഗുണഭോക്തൃ വിഹിതം അടയ്ക്കേണ്ടതില്ല എന്നുമാണ് പ്രോജക്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

പ്രോജക്ടിന്റെ ഭാഗമായി 21 പേർക്ക് 1850 രൂപ നിരക്കിൽ പത്താം തരം തുല്യതാ കോഴ്സിനുള്ള ഫീസായ 38850 രൂപ കേരള സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടറുടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ 57026996123 അക്കൗണ്ടിലേയ്ക്കും ഹയർ സെക്കന്ററി രണ്ടാം വർഷ തുല്യതയ്ക്കുള്ള ഫീസായി 11 പേർക്ക് 2300 രൂപ വീതം 25300 രൂപയും ഹയർ സെക്കന്ററി ഒന്നാം വർഷ തുല്യതയ്ക്കുള്ള ഫീസായി 9 പേർക്ക് 2300 രൂപ വീതം 20700 രൂപയും കേരള സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടറുടെ യൂക്കോ ബാങ്കിലുള്ള 02880100113107 അക്കൗണ്ടിലേയ്ക്കും ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിന് 2200 രൂപയും പത്താം തരത്തിനുള്ള കോഴ്സ് ഫീ 1750 രൂപയും ചെലവഴിക്കുന്നതിനാണ് പ്രോജക്ട് പ്രകാരം നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ പത്താം തരത്തിനുള്ള ഫീസായി 1850 രൂപ വീതവും ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിനുള്ള ഫീയായി 2300 രൂപ വീതവും സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. ഓഡിറ്റ് അന്വേഷണത്തിന് (നം.16/26.06.2025) മറുപടിയായി സാക്ഷരതാ മിഷന്റെ പുതിയ ഓർഡർ പ്രകാരമുള്ള വർദ്ധിപ്പിച്ച നിരക്കിലാണ് ഫീസ് അടവാക്കിയതെന്ന് അറിയിച്ചിട്ടുണ്ട്. പ്രോജക്ടിൽ നിർദ്ദേശിച്ച പ്രകാരം തുക ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2) ഹയർസെക്കണ്ടറി (ഒന്നാം വർഷം) തുല്യതാ പ്രോസ്പെക്ടസ് പ്രകാരം പട്ടിക ജാതി/ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫീസിളവ് അനുവദിച്ചിട്ടുണ്ട്. ശ്രീമതി.സൂര്യ.സി.എം, S/O.മണികണ്ഠൻ, ചെങ്ങണി, തെണ്ടിയംപാറ, മൂലംകോട് എന്ന വിദ്യാർത്ഥി പട്ടിക ജാതി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തിയാണെന്ന് അപേക്ഷയിലും ഫയലിൽ സൂക്ഷിച്ചിട്ടുള്ള SSLC സർട്ടിഫിക്കറ്റിലും രേഖപ്പെടുത്തിയിട്ടുള്ളത്. 2300 രൂപ കോഴ്സ് ഫീ ഇനത്തിൽ ഈ വിദ്യാർത്ഥിയ്ക്ക് നൽകിയിട്ടുണ്ട്.

3) വിദ്യാർത്ഥികൾ പരീക്ഷ എഴുതിയതിന്റെ വിവരങ്ങൾ, ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ കോഴ്സ് പൂർത്തിയാക്കിയതിന്റെ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/26.06.2025) പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥി അപേക്ഷ നൽകുന്നതിന് കാലതാമസ്സം ഉണ്ടായെന്നും അതിനാലാണ് ഫീസ് അടയ്ക്കേണ്ടി വന്നതെന്നും മറുപടി നൽകിയിട്ടുണ്ട്.

. ഫീസിളവുള്ള പട്ടിക ജാതി വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥിയ്ക്ക് കോഴ്സ് ഫീ നൽകിയതിലൂടെ

നഷ്ടമായ 2300 രൂപ സാക്ഷരതാ മിഷനിൽ നിന്നും തിരികെ ഈടാക്കുകയോ അല്ലാത്ത പക്ഷം നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുകയോ ചെയ്യേണ്ടതാണ്.

- വിദ്യാർത്ഥികൾ പരീക്ഷ എഴുതിയതിന്റെ വിവരങ്ങൾ, ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ കോഴ്സ് പൂർത്തിയാക്കിയതിന്റെ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-19 CAMPA കേരള അക്കൗണ്ടിലേക്ക് തുക നൽകിയത്- കുടിവെള്ളപദ്ധതികളുടെ പൂർത്തീകരണം മോണിറ്റർ ചെയ്യേണ്ടതാണ്**

**പ്രോജക്ട് നം 280/25**

(രണ്ടാം പുഴ കുടിവെള്ള പദ്ധതി ഫോറസ്റ്റ് സെക്ഷനിലേക്ക് തുക ഡെപ്പോസിറ്റ് നൽകൽ )

അടങ്കൽ-300000 (തനത് ഫണ്ട്)

ചെലവ് -300000 (വൗച്ചർ നം 22400829 /09.12.2024)

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

ആലത്തൂർ നിയോജകമണ്ഡലം എം.എൽ.എ ബഹു: കെ.ഡി പ്രസേനന്റെ

2019-20 ലെ ആസ്തി വികസന ഫണ്ട് ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ ഉപ്പുമണ്ണ്, രണ്ടാംപുഴ എന്നീ വാർഡുകളിൽ കുടിവെള്ള പദ്ധതികൾ ജില്ലാപഞ്ചായത്ത് മുഖേന സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. ഇതിൽ രണ്ടാംപുഴ കുടിവെള്ള പദ്ധതിയുടെ മോട്ടോർപുരയും പൈപ്പ് ലൈനുകളും സ്ഥാപിക്കേണ്ടത് വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തായതിനാൽ വനംവകുപ്പിൽ നിന്നും നിരാക്ഷേപപത്രം ലഭ്യമാക്കേണ്ടതുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ ഗ്രാമപഞ്ചായത്തിനെ അറിയിക്കുകയും ഇതനുസരിച്ച് നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അസിസ്റ്റന്റ് എഞ്ചിനീയർ കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.

Govt. Of India , Ministry Of Environment, Forest Forest Ant Climate Change Regional Office, Asst Inspector General Of Forest (Central) ന്റെ 18.03.24 ലെ കത്ത് നം 4-KLB1482/2024- BAN ലെ നിർദ്ദേശപ്രകാരം നിരാക്ഷേപ പത്രം ലഭ്യമാക്കുന്നതിനായി വനഭൂമി മറ്റ് അത്യാവശ്യങ്ങൾക്ക് ഉപയോഗിക്കേണ്ട സാഹചര്യത്തിൽ CA സ്കീം പ്രകാരം 100 വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കുന്നതിനും 10 വർഷം അവയെ സംരക്ഷിക്കുന്നതിനുമുള്ള തുകയായി ആകെ 300000 രൂപ CAMPA Kerala (State Compensatory Afforestation Fund Management And Planning Authority കൈകാര്യം ചെയ്യുന്ന Kerala State Compensatory Afforestation Fund ) അക്കൗണ്ടിലേക്ക് നൽകേണ്ടതുമുണ്ടെന്ന് നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 02.05.2024 ലെ കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിനെ അറിയിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 300000 രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തി CAMPA Kerala അക്കൗണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്.

നിരാക്ഷേപപത്രം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിനു വേണ്ടി സെക്രട്ടറി ഏർപ്പെട്ട അണ്ടർ ടേക്കിംഗ്, കംപ്ലയൻസ് റിപ്പോർട്ട് എന്നിവ സഹിതം 17.01.25 ന് നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അപേക്ഷ പുന:സമർപ്പിച്ചിട്ടുണ്ട്.

നിരാക്ഷേപപത്രം ലഭ്യമായതിന്റെയും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചതിന്റെയും സമയബന്ധിതമായി പൂർത്തീകരിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് ഓഡിറ്റ് അന്വേഷണം നം.13/26.06.25 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി നിരാക്ഷേപപത്രം ലഭ്യമായിട്ടില്ല എന്നും പ്രവൃത്തി ആരംഭിച്ചിട്ടില്ലെന്നും സെക്രട്ടറി അറിയിച്ചു.

**ഓഡിറ്റ് നിർദ്ദേശം**

നിരാക്ഷേപപത്രം ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ ഉണ്ടാകേണ്ടതാണ്. കുടിവെള്ള പദ്ധതികൾ സ്ഥാപിക്കുന്ന പ്രവൃത്തി സമയബന്ധിതമായി നടപ്പാക്കാത്ത സാഹചര്യമുണ്ടായാൽ CAMPA Kerala അക്കൗണ്ടിലേക്ക് നൽകിയ തുക നിഷ്ഫലമായി തീരും എന്നതിനാൽ ഈ വിഷയത്തിൽ കൃത്യമായ മോണിറ്ററിംഗ് ഉണ്ടാകേണ്ടതും സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

**1-20 പൊതുസ്ഥലങ്ങളിൽ സിസിടിവി സ്ഥാപിക്കൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്**

**പ്രോജക്ട് നം 440/25**

(പൊതുസ്ഥലങ്ങളിൽ സിസിടിവി സ്ഥാപിക്കൽ)

അടങ്കൽ-1200000 (200000തനത് ഫണ്ട്- 1200000 ജില്ലാപഞ്ചായത്ത് വിഹിതം)

ചെലവ് -479928 ( വൗച്ചർ നം XVFC/24-25/P 177 /21.03.2025)

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

Supply And Installation Of Standalone Out Door Surveillance, Standalone Outdoor Surveillance With ANPR , Standalone 3MP4G-Battery-Dual Camera (PT+Fixed) With Solar Panel In Various Locations And Outdoor Surveillance System At MCF Centre& Cremetorium, Mampad At Kizhakkencherry Gramma Panchayath എന്നതാണ് പ്രവൃത്തി. ഗ്രാമപഞ്ചായത്ത് മാലിന്യമുക്തമാക്കുന്നതിന് ശക്തമായ നിരീക്ഷണസംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായാണ് പ്രവൃത്തി നടപ്പാക്കിയിട്ടുള്ളത്.

ഭരണസമിതിയുടെ 13.02.25 ലെ 6(11) നമ്പർ തീരുമാനം പ്രകാരം പൊതുസ്ഥലങ്ങളിൽ സിസിടിവി സ്ഥാപിക്കൽ പ്രവൃത്തി അക്രഡിറ്റഡ് സ്ഥാപനമായ കെൽട്രോൺ മുഖാന്തരം നടപ്പാക്കുന്നതിന് തീരുമാനിച്ചു.

1.വാർഡ് 1- ചേരത്തോട് ,കിഴക്കഞ്ചേരി

2..വാർഡ് -2 മമ്പാട് എംസി എഫ് , ക്രിമിറ്റോറിയം

3..വാർഡ് -22 കുണ്ടുകാട് ജംഗ്ഷൻ

4..വാർഡ് 3- കരിപ്പാലി

5..വാർഡ് 2-കരിമനശ്ശേരി കനാൽ സൈഡ് , KSEB ക്ക് മുൻവശം

6.വാർഡ് 2 പഞ്ചായത്തിനടുത്ത് നൈനാംകാട്

7. വാർഡ് 19 കാളത്തോട്ടം ഇളങ്കാവ് കനാൽ

8.വാർഡ് 16 പൊക്കാലം , എന്നീ 8 ഇടങ്ങളിൽ സിസിടിവി സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

8 സ്ഥലങ്ങളിൽ ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനത്തോടു കൂടിയ സി.സി.ടി.വി യും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിനും 3 വർഷത്തെ ഓൺസൈറ്റ് വാറണ്ടി, 3 വർഷത്തെ ഇന്റർനെറ്റ് കണക്റ്റിവിറ്റി ചാർജ്ജ് എന്നിവ ഉൾപ്പെടെ ആകെ 11,99,820 രൂപയാണ് ചെലവു വരുന്നത്. ഈ തുകയുടെ 40 % മുൻകൂർ ആയും ബാക്കി 60 % പ്രവൃത്തി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തതിനുശേഷവും നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. (എഗ്രിമെന്റ് നം 17/2025, തിയ്യതി 17.03.2025) എഗ്രിമെന്റ് തിയ്യതി മുതൽ 60 ദിവസമാണ് പ്രവൃത്തിയുടെ കാലാവധി.

എല്ലാ സ്ഥലങ്ങളിലും സിസിടിവി സ്ഥാപിക്കൽ പൂർത്തിയായിട്ടുണ്ടോ എന്ന വിവരം , ഓഫീസ് ഉത്തരവ്

പ്രകാരം സിസിടിവി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പരിശോധനാ ഇടവേളകൾ,സമയം , നാളിതു വരെ സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 14/26.06.25) മറുപടിയായി നിലവിൽ മമ്പാട് എംസി എഫ് ൽ മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതെന്നും ബാക്കി സ്ഥലങ്ങളിൽ നടപ്പാക്കി വരുന്നതായും അറിയിച്ചു. പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം ഓഫീസ് ഉത്തരവ് നൽകി ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുന്നതാണെന്നും മറുപടിയിൽ അറിയിച്ചു. സിസിടിവി സ്ഥാപിക്കൽ പ്രവൃത്തി എല്ലായിടത്തും പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമാകുന്നത് വരെ നാളിതു വരെയുള്ള ചെലവു തുക 479928 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**ഓഡിറ്റ് നിർദ്ദേശം**

1. എഗ്രിമെന്റ് അനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി കഴിഞ്ഞതിനാൽ ക്യാമറ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കാൻ ബാക്കിയുള്ള 7 സ്ഥലങ്ങളിലും പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ക്യാമറ വീഡിയോ വിവരങ്ങൾ എല്ലാ ദിവസങ്ങളിലും കൃത്യമായി നിരീക്ഷിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി ഉദ്യോഗസ്ഥർക്ക് വ്യക്തമായ ഓഫീസ് ഓർഡർ നൽകേണ്ടതാണ്.

3. പൊതു സ്ഥലങ്ങളിലും ജലാശയങ്ങളിലും മാലിന്യം തള്ളുന്നത് കണ്ടെത്തിയാൽ ഉത്തരവാദികൾക്കെതിരെ പിഴ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ( 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം അദ്ധ്യായം XX (പൊതുരക്ഷയും സൗകര്യവും ആരോഗ്യവും മാലിന്യ സംസ്കരണവും )വകുപ്പ് 219 എഫ്.ബി മുതൽ 219 വൈ വരെയുള്ള നിയമങ്ങൾക്കനുസൃതമായി) പിഴ സംബന്ധിച്ച നിരക്ക് മാനദണ്ഡങ്ങൾ, ഈ വിഷയത്തിലുള്ള കേസ്, തർക്കങ്ങൾ എന്നിവയ്ക്ക് സ്വീകരിക്കേണ്ട നടപടികൾ എന്നിവ ഭരണസമിതി തലത്തിൽ നിശ്ചയിച്ച് തീരുമാനങ്ങൾ എടുക്കേണ്ടതാണ്.

4. മാലിന്യം തള്ളുന്നത് കൂടുതലായി കണ്ടെത്തുന്ന സ്ഥലങ്ങളിലെ ഹരിത കർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തേണ്ടതും സേനക്ക് മാലിന്യം നൽകാത്ത പ്രവണത കണ്ടെത്തിയാൽ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-21 മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ, ആയുർവ്വേദം നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ രണ്ട് മരുന്ന് വാങ്ങൽ പദ്ധതികളിൽ ഔഷധി ഫാർമസ്യൂട്ടിക്കൽസിന് മുൻകൂറായി തുക നൽകിയെങ്കിലും ആവശ്യപ്പെട്ട മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല. മരുന്നുകൾ ഭാഗികമായി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ബില്ലിൽ കാണിച്ചതു പ്രകാരമുള്ള മുഴുവൻ മരുന്നുകളും ഇറക്കിയിട്ടില്ല. ഔഷധിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

**1. പ്രോജക്ട് നം 36/25**

(ആയുർവ്വേദാശുപത്രിക്ക് മരുന്ന് വാങ്ങൽ )

അടങ്കൽ -550000 ( മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ് -5,50,000 (ബിൽ നം .01/24-25, 12.03.25)

ഔഷധി ഫാർമസ്യൂട്ടിക്കൽസിൽ നിന്നുമാണ് മരുന്നുകൾ വാങ്ങിയിട്ടുള്ളത്. പ്രൊഫോർമ ഇൻവോയ്സ്

നം 229500/01.02.25 പ്രകാരം 115 ഇനം മരുന്നുകളുടെ ടാക്സ് ഉൾപ്പെടെയുള്ള വില ആകെ 5,50,000 രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

18.04.2025 ന് 5,14,784 രൂപയുടെ മരുന്നുകൾ ആയുർവ്വേദാശുപത്രിയിൽ ഇറക്കിയതായി ഇൻവോയ്സ് നം 90382368 /30.03.2025 പ്രകാരം രേഖപ്പെടുത്തി നൽകിയിട്ടുണ്ടെങ്കിലും ഇതിൽ 68,338 രൂപ വിലമതിക്കുന്ന താഴെ പറയുന്ന മരുന്നുകൾ സ്റ്റോക്കിലെടുത്തിട്ടില്ല.

| ക്രമ നം | മരുന്നിന്റെ പേര് | അളവ് | ടാക്സ് ഉൾപ്പെടെ വില (രൂപ) |
|---|---|---|---|
| 1 | ബലാരിഷ്ടം 450 മില്ലി | 96 കുപ്പി | 6249 |
| 2 | കുമാര്യാസവം 450 മില്ലി | 48 കുപ്പി | 3125 |
| 3 | ബലാഗുളൂച്യാദി തൈലം 200 മില്ലി | 30 കുപ്പി | 2331 |
| 4 | ധന്വന്തരം കുഴമ്പ് 200മില്ലി | 30കുപ്പി | 3434 |
| 5 | ഗന്ധതൈലം 10 മില്ലി | 50 കുപ്പി | 2730 |
| 6 | ക്ഷീരബല 101 തവണ, 10 ഗ്രാം | 50പാക്കറ്റ് | 3623 |
| 7 | മുറിവെണ്ണ 100 മില്ലി | 400 കുപ്പി | 18060 |
| 8 | രസോത്തമാദി ലേപം 50G | 50 | 1523 |
| 9 | ത്രിഫലാദി എണ്ണ 200മില്ലി | 30കുപ്പി | 3182 |
| 10 | മാനസമിത്രം വടകം ഗുളിക100 എണ്ണം | 1 സെറ്റ് | 2119 |
| 11 | അഷ്ടവർഗ്ഗം ബാലസഹചരാദി 200മില്ലി | 60 കുപ്പി | 4284 |
| 12 | ചിരുവില്വാദി കഷായം 200 മില്ലി | 60 കുപ്പി | 5670 |
| 13 | നയോപയം കഷായം 200മില്ലി | 60 കുപ്പി | 6111 |
| 14 | രസ്നേൻദാദി കഷായം | 30 കുപ്പി | 3528 |
| 15 | അഷ്ടചൂർണ്ണം സിറപ്പ് 100 മില്ലി | 20 കുപ്പി | 941 |
| 16 | ഔഷധി ബ്ലിസ്സ്ബാം 10 ഗ്രാം | 51 സെറ്റ് | 1428 |
| | | | **68,338** |

മരുന്നുകൾ സ്റ്റോക്കിലെടുക്കാത്തതിനുള്ള കാരണം ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും (നം 6/24.6.25) മറുപടി രേഖാമൂലം നൽകിയിട്ടില്ല. എന്നാൽ മേൽ കാണിച്ച മരുന്നുകളിൽ ക്രമ നം 1 ബലാരിഷ്ടം 450 മില്ലി (96 കുപ്പി, വില- 6249) ഒഴികെയുള്ളവ ഓഡിറ്റ് സമയത്ത് ഔഷധിയിൽ നിന്നും ലഭ്യമായിട്ടുണ്ടെന്നും ആയത് സ്റ്റോക്കിലെടുത്ത് അറിയിക്കുന്നതാണെന്നും ഫാർമസിസ്റ്റ് ഓഡിറ്റിനെ അറിയിച്ചു. എന്നാൽ മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

<u>ആവശ്യപ്പെട്ട മുഴുവൻ മരുന്നുകളും ലഭ്യമാക്കിയിട്ടില്ല.</u>

ആകെ **5,50,000 രൂപ** ഔഷധിക്ക് നൽകിയതിൽ **4,46,446** രൂപയുടെ മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. **1,03,554** രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കി സ്റ്റോക്കിലെടുക്കേണ്ടതും രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

**2. പ്രോജക്ട് നം 46/25**

(പാലിയേറ്റീവ് പരിചരണം ആയുർവ്വേദം )

അടങ്കൽ -50000 ( മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ് -50000 (ബിൽ നം .02/24-25, 12.03.25)

പ്രൊഫോർമ ഇൻവോയ്സ് നം 229491/01.02.25 പ്രകാരം 20ഇനം മരുന്നുകളുടെ ടാക്സ് ഉൾപ്പെടെയുള്ള വില ആകെ 50000 രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

18.04.2025 ന് 48261രൂപയുടെ മരുന്നുകൾ ആയുർവ്വേദാശുപത്രിയിൽ ഇറക്കിയതായി ഇൻവോയ്സ് നം 90382375/30.03.2025 പ്രകാരം രേഖപ്പെടുത്തി നൽകിയിട്ടുണ്ടെങ്കിലും ഇതിൽ **17,009 രൂപ** താഴെ പറയുന്ന മരുന്നുകൾ സ്റ്റോക്കിലെടുത്തതായി കാണുന്നില്ല.

| ക്രമ നം | മരുന്നിന്റെ പേര് | അളവ് | ടാക്സ് ഉൾപ്പെടെ വില (രൂപ) |
|---|---|---|---|
| 1 | ചന്ദനാദി തൈലം 200 മില്ലി | 30കുപ്പി | 3162 |
| 2 | ധന്വന്തരം കുഴമ്പ് 200മില്ലി | 30കുപ്പി | 6867 |
| 3 | മഹാനാരായണ തൈലം 200 മില്ലി | 60 കുപ്പി | 4064 |
| 4 | Psorest Oil 100 Ml | 31 കുപ്പി | 2916 |
| | | | **17,009** |

ചന്ദനാദി തൈലം 200 മില്ലി ഒഴികെയുള്ള മരുന്നുകൾ ലഭ്യമായതായി വാക്കാൽ അറിയിച്ചെങ്കിലും സ്റ്റോക്കിലെടുത്ത് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ആവശ്യപ്പെട്ട മുഴുവൻ മരുന്നുകളും ലഭ്യമാക്കിയിട്ടില്ല.

മേൽപ്പറഞ്ഞവ കൂടാതെ സഹചരാദി തൈലം 200 മില്ലി 30കുപ്പി ആവശ്യപ്പെട്ടതിൽ 24 കുപ്പി മാത്രമാണ് നൽകിയിട്ടുള്ളത്. ദശമൂലാരിഷ്ടം 200മില്ലി 35 കുപ്പി ലഭ്യമാക്കിയിട്ടില്ല.

ആകെ **50,000 രൂപ** ഔഷധിക്ക് നൽകിയതിൽ **31252**രൂപയുടെ മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. **18748** രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കി സ്റ്റോക്കിലെടുക്കേണ്ടതും രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

**ഓഡിറ്റ് നിർദ്ദേശം**

മരുന്നുകൾക്കായി മുൻകൂർ തുക നൽകുമ്പോൾ സ്ഥാപനവുമായി എഗ്രിമെന്റ് വക്കേണ്ടതും യഥാസമയം മുഴവൻ മരുന്നുകളും ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

**1-22 ഹോമിയോ മരുന്നുകൾ മുഴവനും ലഭ്യമായിട്ടില്ല**

**പ്രോജക്ട് നം 73/25**

(കിഴക്കഞ്ചേരി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലേക്കുള്ള മരുന്നും ലാബ് റീ ഏജന്റുകളും വാങ്ങൽ)

അടങ്കൽ -300000 ( മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ് -299915 (മരുന്നും ലാബ് റീ ഏജന്റുകളും വാങ്ങുന്നതിന് ചെലവഴിച്ച ആകെ തുക)

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, ഹോമിയോ.

ഹോമിയോ മരുന്നുകൾ ലഭ്യമാക്കുന്നതിനായി ഹോംകോയ്ക്ക് താഴെ പറയും പ്രകാരം ആകെ 255000 രൂപ നൽകിയിട്ടുണ്ട്.

1. 220000 ( ബിൽ നം 14/19.11.24)

2. 35000 (ബിൽ നം 30/19.02.25)

ഇൻവോയ്സ് നം എൽ എഫ് 3080/25.03.25 പ്രകാരം 75734 രൂപയുടെയും , ഇൻവോയ്സ് നം എൽ

എഫ് 245/21.05.25 പ്രകാരം 17282 രൂപയുടെയും, ഇൻവോയ്സ് നം എൽ എഫ് 360/10.06.25 പ്രകാരം 73561 രൂപയുടെയും മരുന്നുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ട്. ആകെ 1,66,577 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. 88423 രൂപയുള്ള മരുന്നുകൾ കൂടി ലഭ്യമാക്കാനുണ്ട്. ഒരു മാസത്തിനകം മരുന്നുകൾ ലഭ്യമാക്കുമെന്ന് ഹോംകോ ഉറപ്പ് നൽകിയതായി മെഡിക്കൽ ഓഫീസർ അറിയിച്ചു. മുഴുവൻ മരുന്നുകളും ലഭ്യമാക്കി സ്റ്റോക്കിലെടുക്കേണ്ടതും രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം 15/26.6.25)

**1-23 മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം മരുന്നുകൾ മുഴുവനും ലഭ്യമായിട്ടില്ല**

പ്രോജക്റ്റ് നം 219/25

(പാലിയേറ്റീവ് പരിചരണം)

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം

അടങ്കൽ -1700000 (വികസനഫണ്ട്-ജനറൽ)

ചെലവ് -1401353 (ആകെ)

പാലിയേറ്റീവ് പരിചരണം പദ്ധതിക്കായി ആകെ 1401353 രൂപ ചെലവുണ്ട്. പദ്ധതിയുടെ ഭാഗമായി കിടപ്പുരോഗികൾക്കാവശ്യമായ Erythropoetin Recombinant, 4000 IU എന്ന മരുന്ന് വാങ്ങുന്നതിനായി 2,46,400 രൂപ ബിൽ നം 25/22.01.25 പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. പ്രൊഫോർമ ഇൻവോയ്സ് നം PRF 2839/07.01.25 പ്രകാരം യൂണിറ്റ് നിരക്ക് 100 രൂപ + 12% ജി.എസ്.ടി-യും ചേർന്ന തുകയാണ്. എന്നാൽ മരുന്ന് നാളിതു വരെ ലഭ്യമായിട്ടില്ല. കോർപ്പറേഷനുമായി എഗ്രിമെന്റ് വച്ചതിന്റെ രേഖകൾ ഇല്ല.

ഓഡിറ്റ് അന്വേഷണം നം 5/24.06.25 പ്രകാരം ഇക്കാര്യം മെഡിക്കൽ ഓഫീസറെ അറിയിച്ചതിന് മറുപടിയായി ഫോൺ മുഖാന്തരവും ഇ-മെയിൽ മുഖാന്തരവും വിതരണക്കാരെ അറിയിച്ചിട്ടുള്ളതായും മരുന്ന് വരുന്ന മുറക്ക് ലഭ്യമാകുന്നതാണെന്നും മറുപടി നൽകി. എഗ്രിമെന്റ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

കിടപ്പുരോഗികൾക്കാവശ്യമായ Erythropoetin Recombinant, 4000 IU ഇൻജക്ഷൻ എത്രയും വേഗം ലഭ്യമാക്കേണ്ടതും മരുന്ന് സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

**1-24 വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല.**

വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ, പോസ്റ്റ് മാറ്റി സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി കിഴക്കഞ്ചേരി കെ.എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷന് നൽകിയ തുകകളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രൊജക്റ്റ് | അടങ്കൽ | ചെലവ് | തുക നൽകിയത് | പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരം |
|---|---|---|---|---|---|
| 1. | 102/25, അമ്പിട്ടൻതരിശ് പട്ടിക വർഗ്ഗ കോളനിയിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 9898 (വികസന ഫണ്ട് ടി.എസ്.പി) | 9898 (ബിൽ നം 18/20.01.25) | അസിസ്റ്റന്റ് എഞ്ചിനീയർ കിഴക്കഞ്ചേരി കെ.എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ | ലഭ്യമാക്കിയിട്ടില്ല |
| 2. | പ്രോജക്റ്റ് നം | 53523 | 53523 (വൗച്ചർ | അസിസ്റ്റന്റ് | ലഭ്യമാ |

| | | | | | |
|---|---|---|---|---|---|
| | 489/25 ( വാർഡ് 19 കൊട്ടേക്കാട് ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ) | (തനത് ഫണ്ട്) | നം 22401268/ 15.03.25) | എഞ്ചിനീയർ കിഴക്കഞ്ചേരി കെ.എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ | ക്കിയിട്ടില്ല |
| 3. | പ്രോജക്ട് നം 490/25 കുണ്ടുകാട് കമ്മ്യൂണിറ്റിഹാൾ റോഡ് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 28189 (തനത് ഫണ്ട്) | 28189 (വൗച്ചർ നം 22401351/ 25.03.25) | അസിസ്റ്റന്റ് എഞ്ചിനീയർ കിഴക്കഞ്ചേരി കെ.എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ | ലഭ്യമാക്കിയിട്ടില്ല |
| 4. | 396/25 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ മീറ്റർ ബോക്സ് സ്ഥാപിക്കൽ | 150000 (തനത് ഫണ്ട്) | 137588 (1. **37524**- വൗച്ചർ നം 22401281/ 20.03.25) 2. **100064**- വൗച്ചർ നം 22401350/ 25.03.25) | അസിസ്റ്റന്റ് എഞ്ചിനീയർ കിഴക്കഞ്ചേരി കെ.എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷന് | ലഭ്യമാക്കിയിട്ടില്ല |
| 5 | 64/25 വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 1400000 (വികസന ഫണ്ട്- ജനറൽ) | 1. 1398372 (ബിൽ നം 27/24.03.25) 2. 1628 (ബിൽ നം 19/20.01.25) | അസിസ്റ്റന്റ് എഞ്ചിനീയർ കിഴക്കഞ്ചേരി കെ.എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷന് | ലഭ്യമാക്കിയിട്ടില്ല |
| | ആകെ ചെലവ് | | 1629198 | | |

നിർവ്വഹണോദ്യോഗസ്ഥൻ കെ.എസ്.ഇ.ബി-യുമായി ഏർപ്പെട്ട കരാർ ഫയലിൽ ലഭ്യമല്ല. പ്രവൃത്തിയുടെ നിലവിലെ സ്ഥിതി/ പൂർത്തീകരണം വൈകുന്നതിനുള്ള കാരണം എന്നിവ അറിയിക്കേണ്ടതാണ്.

## 1-25 പഠനമുറി നിർമ്മാണം - പൂർത്തികരിക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നം./ പേര് | 270/25, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| അടങ്കൽ | 520000 (വികസനഫണ്ട് - എസ്.സി.പി) |
| ചെലവ് | 360000 |
| ബിൽ നമ്പർ / തീയതി | 5/19.07.24 – 270000<br>19/16.12.24 – 60000<br>32/11.03.25 – 30000 |

പഠനമുറി നിർമ്മാണത്തിനായി യൂണിറ്റ് കോസ്റ്റ് 200000 രൂപ വീതമാണ് നിശ്ചയിച്ചിട്ടുള്ളത്. ആകെ 3 വിദ്യാർത്ഥികൾക്ക് തുക അനുവദിച്ചിട്ടുണ്ടെങ്കിലും ഒരു ഗുണഭോക്താവ് പഠനമുറിയുടെ നിർമ്മാണം

പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പേര്, വിലാസം | നൽകിയ തുക | ബാക്കി നൽകാനുള്ള തുക |
|---|---|---|---|
| 1 | കൃഷ്ണൻ.എം (ഗോകുൽ), മൂലങ്കോട് കിഴക്കഞ്ചേരി | 2023-24 -70000 (ആദ്യഗഡു 30000/02.02.24 + 40000/26.03.24) 2024-25- 100000 (5/19.7.24- 70000 &32/11.3.25 - 30000) | 30000 |
| കൂടാതെ പദ്ധതി പ്രകാരം 2023-24 ൽ തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താവും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | | | |
| 2 | ഗോപികാവാസുദേവൻ, കറുപ്പൻകുടം, ഇളവംപാടം | 70000 (ആദ്യഗഡു 30000/5/2/24 + 40000/26.03.24) | 130000 |

മേൽ ഗുണഭോക്താക്കളുടെ പഠനമുറിയുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-9 / 26.06.25) പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി ഗുണഭോക്താവിനോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തുടർ നടപടി സ്വീകരിച്ച് പദ്ധതി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-26 ഇടെണ്ടർ ഫീസ് - പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്

അസി.എഞ്ചിനിയറുടെ പേരിൽ കിഴക്കഞ്ചേരി SBI ലുള്ള ബാങ്ക് അക്കൗണ്ടിൽ (നം.37126927564) 19.6.25 ന് 213172 രൂപ നീക്കിയിരിപ്പുണ്ട്. ഇ-ടെണ്ടർ ഫോറങ്ങളുടെ വിലയായി ലഭ്യമായ തുക ഗ്രാമപഞ്ചായത്തിന്റെ വരവിനം ആയതിനാൽ കാലതാമസം കൂടാതെ തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതായിരുന്നു. എന്നാൽ 2023 മുതലുള്ള വരവുകൾ പ്രസ്തുത അക്കൗണ്ടിലുണ്ട്. അക്കൗണ്ടിലെ തുകകൾ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-27 മരാമത്ത് പ്രവർത്തികൾ - പൊതുഅപാകതകൾ

മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ പൊതുഅപാകതകൾ താഴെ ചേർക്കുന്നു

1.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 211 പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 141 പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്.

102547434/- രൂപ വകയിരുത്തിയതിൽ 68073373/- രൂപമാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആകെ ചെലവ് ശതമാനം 66%. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കി ഗ്രാന്റ് തുകകൾ പരമാവധി

വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2.സ.ഉ(കൈ)നം.84/2022/തസ്വഭവ തിയതി 19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ.6.8 (1) പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan) തയ്യാറാക്കേണ്ടതാണ് എന്നും സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണെന്നും നിർദേശിച്ചിട്ടുണ്ട്. സർക്കാർ നിർദേശങ്ങൾക്ക് അനുസൃതമായി ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പദ്ധതി മാർഗ്ഗരേഖയിലെ ഖ.6.8 (2) പ്രകാരം അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ്. സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തികളുടെ ഡിജിറ്റലൈസേഷൻ നടത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവും ആക്കേണ്ടതും തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ് എന്നും നിർദേശിച്ചിട്ടുണ്ട്. നിലവിൽ ആസ്തി രജിസ്റ്റർ കാലികമാക്കുവാൻ കഴിഞ്ഞിട്ടില്ല.

സ.ഉ (ആർ.ടി) നം .166/17/ത.സ്വ.ഭ.വ തീയതി 20.01.2017 പ്രകാരം അംഗീകരിച്ച അസറ്റ് മാനേജ്മെന്റ് മാന്വലിലെ നിർദ്ദേശമനുസരിച്ച് പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് & മോണിട്ടറിങ്ങ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-28 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും -അവലോകനം

പതിനഞ്ചാം ധനകാര്യകമ്മീഷൻ, പ്രാഥമികാരോഗ്യ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യമേഖലാഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ആരോഗ്യഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി തദ്ദേശസ്വയംഭരണവകുപ്പ് തയ്യാറാക്കിയ കർമ്മപദ്ധതി അനുസരിച്ചുള്ള വിവിധ സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് വിനിയോഗിക്കേണ്ടത്.

ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം മുതൽക്കാണ് ആരോഗ്യമേഖലാഗ്രാന്റ് അനുവദിച്ചു തുടങ്ങിയത്. പഞ്ചായത്തിലെ ഗ്രാന്റ് വിനിയോഗവും ആയതിന്റെ ഫലപ്രാപ്തിയും വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. സ്കീം 1, സ്കീം 3, സ്കീം 4 ഇനങ്ങളിലുള്ള പ്രവർത്തനങ്ങളാണ് ഗ്രാമപഞ്ചായത്ത് മുഖാന്തരം നടത്തേണ്ടത്. ഗ്രാമപഞ്ചായത്തിൽ ഒരു കുടുംബാരോഗ്യകേന്ദ്രവും ഒരു ആയുർവ്വേദാശുപത്രിയും ഒരു ഹോമിയോ ഡിസ്പെൻസറിയുമാണ് നിലവിലുള്ളത്. കുടുംബാരോഗ്യകേന്ദ്രത്തിന് 22 വാർഡുകളിലായി 11 ഉപകേന്ദ്രങ്ങളുണ്ട്.

2022-23 വർഷം മുതൽ 31.03.2025 വരെ ലഭ്യമായ ഗ്രാന്റിന്റെയും നടപ്പാക്കിയ പ്രവർത്തനങ്ങളുടെയും വിവരം

സ്കീം 1- കെട്ടിടങ്ങൾ ഇല്ലാത്ത കുടുബാരോഗ്യ ഉപകേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കുവാനുള്ള ധനസഹായം ഗ്രാമപഞ്ചായത്തിന് നാളിതുവരെ ലഭ്യമായിട്ടില്ല.

സ്കീം -3 (ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ ) ക്ക് ലഭ്യമായ ഫണ്ട്

| **വർഷം** | **മുൻബാക്കി** | **തൻവർഷം ലഭ്യമായ തുക** | **പലിശ** | **ആകെ** | **ചെലവ്** | **നീക്കിയിരിപ്പ്** |
|---|---|---|---|---|---|---|
| 2022-23 | 0 | 434449 | 5781 | 440230 | 96373 | 343857 |
| 2023-24 | 343857 | 1218000 | 24461 | 1586318 | 437373 | 1148945 |
| 2024-25 | 1148945 | 509000 | 28758 | 1686703 | 969360 | 717343 |

| ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ നടപ്പാക്കിയ പദ്ധതികൾ | | |
|---|---|---|
| വർഷം | പദ്ധതി | ചെലവ് (രൂപ) |
| 2022-23 | 358/23, ആരോഗ്യസ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 96373 |
| 2023-24 | 457/24,ആരോഗ്യസ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 99297 |
| | 486/24, ആരോഗ്യസ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 338076 |
| 2024-25 | ആരോഗ്യസ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 969360 |
| | | **1503106** |

**സ്കീം 4** (ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് &വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ) ക്ക് ലഭ്യമായ ഫണ്ട്

| **വർഷം** | **മുൻബാക്കി** | **തൻവർഷം ലഭ്യമായ തുക** | **പലിശ** | **ആകെ** | **ചെലവ്** | **നീക്കിയിരിപ്പ്** |
|---|---|---|---|---|---|---|
| 2022-23 | 0 | 285000 | 3856 | 288856 | 0 | 288856 |
| 2023-24 | 288856 | 492000 | 12962 | 793818 | 433937 | 3,59,881 |
| 2024-25 | 359881 | 783000 | 8396 | 1151277 | 339139 | 8,12,138 |

| **ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ –** നടപ്പാക്കിയ പദ്ധതികൾ | | |
|---|---|---|
| വർഷം | പദ്ധതി | ചെലവ് (രൂപ) |
| 2022-23 | ചെലവില്ല | |
| 2023-24 | 278/24,ഉപകേന്ദ്രങ്ങളിലെ ഹെൽത്ത് & | **433937** |

| | | |
|---|---|---|
| | വെൽനെസ്സ് പ്രവർത്തനങ്ങൾ | |
| 2024-25 | 311/24, ഉപകേന്ദ്രങ്ങളിലെ ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ | **339139** |
| | | **7,73,076** |

സ്കീം 1, 3,4 എന്നിവക്കായി ഗ്രാമപഞ്ചായത്ത് പ്രത്യേക ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുള്ളതും ആയത് പി. എഫ്. എം. എസ് ൽ ബന്ധിപ്പിച്ചിട്ടുള്ളതുമാണ്.

സ്ഥാപനത്തിന്റെ വാർഷിക ധനകാര്യ പത്രികയിൽ ഗ്രാന്റ് വരവ് ചെലവ് എന്നിവ ശരിയായ രീതിയിൽ പ്രതിഫലിക്കുന്നുണ്ട്. തുക ഉപയോഗിച്ച് നിർമ്മാണപ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല.

**ഗ്രാമപഞ്ചായത്തിലെ കുടുംബാരോഗ്യകേന്ദ്രത്തെയും ഉപകേന്ദ്രങ്ങളെയും**

**ഹെൽത്ത് & വെൽനെസ്സ് സെന്ററുകളാക്കി മാറ്റൽ പ്രവർത്തനങ്ങൾ വിലയിരുത്തൽ**

കുടുംബാരോഗ്യകേന്ദ്രത്തെയും ഉപകേന്ദ്രങ്ങളെയും ഹെൽത്ത്&വെൽനെസ്സ് സെന്ററുകളാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ ഭാഗികമായി മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. മരുന്ന് , ലാബ് റീഏജന്റുകൾ എന്നിവ വാങ്ങുന്നതിനാണ് കൂടുതൽ തുകകളും ചെലവഴിച്ചിട്ടുള്ളത്. ലാബ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ഗ്രാന്റ് ഉപയോഗിച്ച് വെൽനെസ്സ് പ്രവർത്തനങ്ങൾ, ബോധവത്കരണ പ്രവർത്തനങ്ങൾ, ആരോഗ്യശീലങ്ങളിൽ മാറ്റം വരുത്തേണ്ടത് പ്രോത്സാഹിപ്പിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഇവ നടപ്പാക്കുന്നതിന് കഴിഞ്ഞിട്ടില്ല.

ഉപകേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 5/24.06.25) മറുപടിയായി 11 ഉപകേന്ദ്രങ്ങളിൽ പാലക്കുഴി, വക്കാല, മൂലങ്കോട് എന്നിവിടങ്ങളിലുള്ള ഉപകേന്ദ്രങ്ങളിൽ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട് എന്നും മൂലങ്കോട് ഉപകേന്ദ്രത്തിൽ മാലിന്യനിക്ഷേപത്തിന് സൗകര്യമില്ല എന്നും ടോയ്‌ലെറ്റ് നിർമ്മിക്കേണ്ടതുണ്ടെന്നും മെഡിക്കൽ ഓഫീസർ അറിയിച്ചു. പറശ്ശേരി ഉപകേന്ദ്രത്തിൽ JPHN ഇല്ല എന്നും അറിയിച്ചു. കൂടാതെ എല്ലാ ഉപകേന്ദ്രങ്ങളിലും മേശ, കസേര തുടങ്ങിയ സൗകര്യങ്ങളുടെ കുറവ് ഉള്ളതായും അറിയിച്ചു.

ഓഡിറ്റിന്റെ ഭാഗമായി, പഞ്ചായത്ത് ജീവനക്കാർ, പാലക്കുഴി ഉപകേന്ദ്രം JPHN എന്നിവരോടൊപ്പം 27.06.25 ന് നടത്തിയ സ്ഥലപരിശോധനയിൽ കുടുംബാരോഗ്യകേന്ദ്രം, പാലക്കുഴി ഉപകേന്ദ്രം, പുന്നപ്പാടം ഉപകേന്ദ്രം എന്നിവ സന്ദർശിച്ചു.

കിഴക്കഞ്ചേരി കുടുംബാരോഗ്യകേന്ദ്രത്തിൽ ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് 2024-25 വർഷം വാങ്ങിയ മരുന്നുകളുടെയും ലാബോറട്ടറി റീ ഏജന്റുകളുടെയും സ്റ്റോക്ക് വിവരങ്ങൾ പരിശോധിച്ചു. ഇവ വരുന്ന സമയത്ത് സ്റ്റോക്കിലെടുക്കുന്നുണ്ട്. എന്നാൽ മുഴവനം ഫാർമസി, ലാബ് എന്നിവിടങ്ങളിലേക്ക് ഇഷ്യൂ ചെയ്യുന്നതായി സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവശേഷിക്കുന്നവയുടെ എണ്ണം കൃത്യമായി രേഖപ്പെടുത്തി വച്ചിട്ടില്ലാത്തതിനാൽ പരിശോധിച്ചിട്ടില്ല. ആരോഗ്യ കേന്ദ്രത്തിൽ OP നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

OP യിലും ഫാർമസിയിലും ലാബിലും പൊതുജനങ്ങളുടെ തിരക്ക് ഉള്ളതായി കണ്ടു.

പാലക്കുഴി ഉപകേന്ദ്രത്തിന്റെ കെട്ടിടം പാലക്കുഴി ജലവൈദ്യുതി പദ്ധതി പ്രദേശത്തിന്റെ പരിധിയിലാണുള്ളതെന്ന് JPHN അറിയിച്ചു. ജലവൈദ്യുതി പദ്ധതിയുടെ ബോർഡും ഈ പ്രദേശത്തുണ്ട്. കെട്ടിട്ടം മോശം അവസ്ഥയിലാണുള്ളത്. ചുറ്റുമതിലും ഭിത്തിയിലും വിള്ളലുകൾ ഉണ്ട്. പരിസരം കാടു പിടിച്ചു കിടക്കുന്നു. ജനലുകളുടെ വാതിലുകൾ പൊളിഞ്ഞ അവസ്ഥയിലാണ്. ഇഴജന്തുക്കളുടെ ശല്യം ഉള്ളതായി JPHN അറിയിച്ചു. വെള്ളം, വൈദ്യുതി ഇല്ല. കെട്ടിടത്തിൽ 3 അലമാരകൾ ഉണ്ട്. രജിസ്റ്ററുകൾ

അലമാരയിൽ വച്ചിട്ടുണ്ട്. ചെക്ക് ഡാമിന്റെ പരിസരത്തായി ഏതാനും കുടുംബങ്ങൾ താമസിക്കുന്നുണ്ട്. എല്ലാ ദിവസങ്ങളിലും ഇവിടെ പ്രവർത്തനം നടക്കുന്നില്ല. താഴെയുള്ള അങ്കണവാടിക്കെട്ടിടത്തിലാണ് ഉപകേന്ദ്രത്തിന്റെ പ്രവർത്തനം നടത്തുന്നത്. ജലവൈദ്യുതി പദ്ധതി പൂർത്തിയാകുന്നതോടെ കെട്ടിടത്തിൽ വെള്ളം കേറാനുള്ള സാധ്യതയും നിലനിൽക്കുന്നുണ്ട്.



പാലക്കുഴി ഉപകേന്ദ്രംചിത്രം 1




പാലക്കുഴി ഉപകേന്ദ്രം ചിത്രം 2

പുന്നപ്പാടം ഉപകേന്ദ്രം നല്ല കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്നു. അവശ്യ സൗകര്യങ്ങൾ ഉണ്ട്.



ചിത്രം 3- പുന്നപ്പാടം ഉപകേന്ദ്രം

ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി എന്നിവ കെട്ടിടത്തിന്റെ ഭൗതികസാഹചര്യങ്ങൾ പ്രത്യേകം ചർച്ച ചെയ്തിട്ടില്ല. ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച മറ്റ് വാങ്ങലുകളും പ്രവർത്തനങ്ങളും ചർച്ച ചെയ്തിട്ടുള്ളതായി കാണുന്നുണ്ട്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

- ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുക സമയബന്ധിതമായും ഫലപ്രദമായും വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, ആരോഗ്യം വർക്കിംഗ് ഗ്രൂപ്പ് ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ആരോഗ്യസ്ഥാപനങ്ങളുടെ പ്രവർത്തനവും കൃത്യമായി മോണിറ്റർ ചെയ്യേണ്ടതാണ് .
- ഉപകേന്ദ്രങ്ങളുടെ ഭൗതികസാഹചര്യങ്ങളുടെ കുറവ് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതും സ്കീം 1 പ്രകാരം തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്.
- പാലക്കുഴി ഉപകേന്ദ്രത്തിന്റെ കെട്ടിടം പാലക്കുഴി ജലവൈദ്യുതി പദ്ധതി പ്രദേശത്താണോ എന്നത് സംബന്ധിച്ച് വ്യക്തത വരുത്തി മാത്രം കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ തുടങ്ങിയ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

കുടുംബാരോഗ്യകേന്ദ്രത്തോടൊപ്പം ആരോഗ്യപരിരക്ഷ നൽകുന്ന മറ്റ് ആരോഗ്യ സ്ഥാപനങ്ങളിലും വെൽനെസ്സ് പ്രവർത്തനങ്ങൾ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടത്താവുന്നതാണ്.

## 1-29 ജലജീവൻ മിഷൻ പദ്ധതി – അവലോകനം

കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയായ ജലജീവൻ മിഷൻ, 2024 ഓടെ എല്ലാ ഗ്രാമീണ വീടുകളിലും പൈപ്പ് വഴിയുള്ള ശുദ്ധജല കണക്ഷൻ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2019 ഓഗസ്റ്റിൽ ആരംഭിച്ചതാണ്. ജലജീവൻമിഷൻ പ്രവർത്തനങ്ങളുടെ ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഏജൻസി കേരള വാട്ടർ അതോറിറ്റിയും,നിർവ്വഹണ സഹായ ഏജൻസി കേരള അസ്സോസിയേഷൻ ഫോർ റൂറൽ ഡെവലപ്പ്മെന്റുമാണ്. ജലജീവൻ പദ്ധതിയിൽ പഞ്ചായത്തുകളുടെ 15% വിഹിതം ഉൾപ്പെടുന്ന

ജൽ ജീവൻ മിഷനുമായി ബന്ധപ്പെട്ട് പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി കിഴക്കഞ്ചേരി പഞ്ചായത്തിൽ നടന്നുവരുന്നുണ്ട്. എന്നാൽ വീടുകൾക്ക് പ്രസ്തുത പദ്ധതി വഴി കണക്ഷനുകൾ കൊടുത്തതായി പഞ്ചായത്തിൽ രേഖകളില്ല. പദ്ധതിക്കായി സ്ഥാപനവിഹിതവും , ഗുണഭോക്തൃവിഹിതവും നാളിതുവരെ വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയോ ലിസ്റ്റ് വാട്ടർ അതോറിറ്റിക്ക് നൽകുകയോ ചെയ്തിട്ടില്ല എന്നാണ് ഓഡിറ്റ് എൻക്വയറി 3/ 22.6.25 ന് മറുപടി നൽകിയത്.

ജലജീവൻമിഷൻ പദ്ധതിയ്ക്ക് വേണ്ടി ടാങ്ക് സ്ഥാപിയ്ക്കുന്നതിനായി സ്ഥലം വാങ്ങുന്നതിനായി ഗ്രാമപഞ്ചായത്ത് സംയുക്ത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇത് പ്രകാരം 800000 രൂപ കിഴക്കഞ്ചേരി പഞ്ചായത്ത് വകയിരുത്തിയിട്ടുണ്ട്. കൂടാതെ താഴെ പറയുന്ന തുകകൾ വിഹിതമായി മറ്റ് പഞ്ചായത്തുകളിൽ നിന്നും ലഭിച്ചിട്ടുണ്ട്.

. വണ്ടാഴി - 235000

. വടക്കഞ്ചേരി - 780000

. കണ്ണമ്പ്ര – 550000

ആകെ - 1565000

പദ്ധതി പ്രകാരം ആകെ 1334200 ചെലവഴിച്ച് 4 സ്ഥലങ്ങൾ വാങ്ങിയിട്ടുണ്ട്. പാലക്കുഴിയിലെ സ്ഥലം സംബന്ധിച്ച് ജില്ലാ കളക്ടറിൽ നിന്നും വേരിഫിക്കേഷൻ ലഭ്യമായശേഷം വാട്ടർ അതോറിറ്റിക്ക് കൈമാറി പദ്ധതി ആരംഭിക്കുന്നതാണ് എന്നാണ് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുള്ളത്. സ്ഥലത്തിന്റെ വിവരം താഴെ ചേർക്കുന്നു

| സ്ഥലം | റീസർവേ നം | ആധാര നം | ഏരിയ (HA) | നൽകിയ തുക |
|---|---|---|---|---|
| പാലക്കുഴി | 93/8 | 833/25 | 0.0081 | 61450 |
| പാലക്കുഴി | 13/1 | 468/20 | 0.0081 | 79885 |
| നന്നങ്ങാടി | 350/3 | 907/23 | 0.1620 | 1085558 |
| പാലക്കുഴി - വില്ലേജ് 1 | 271/9 | 1320/23 | 0.0810 | 768000 |

ഗ്രാമപഞ്ചായത്തിൽ 105 പൊതുടാപ്പുകളുണ്ട്. നിലവിൽ വിവിധ വാർഡുകളിലായി നൂറോളം കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾ മുഖേന പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ വേനൽകാലത്ത് 5 വാർഡുകളിൽ ടാങ്കർ ലോറിയിൽ കുടിവെള്ളവിതരണം നടത്തുന്നുണ്ട്.

വാട്ടർ അതോറിറ്റിയുമായുള്ള ഏകോപനം മെച്ചപ്പെടുത്തി, വിഹിതം നൽകുന്നതിന് പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് അടിയന്തരമായി ഫണ്ട് വകയിരുത്തി പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതും പദ്ധതി പുരോഗതിയും വെല്ലുവിളികളും ചർച്ച ചെയ്യുകയും പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്യേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പാലിന് സബ്സിഡി- ഒരേ മാസത്തെ പാലളവിന് രണ്ടു തവണ തുക അനുവദിച്ചു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| പ്രോജക്ട് നം. | 130/25 (ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി- എസ്.സി) |
| അടങ്കൽ | ₹120000 (20000-വികസനഫണ്ട്(SCP), 100000-ജില്ലാപഞ്ചായത്ത് വിഹിതം) |
| ചെലവ് | ₹120000 (20000-വികസനഫണ്ട്(SCP), 100000-ജില്ലാപഞ്ചായത്ത് വിഹിതം) |
| ബിൽ നം/ തിയതി | 4/31.12.2024, 100000<br>8/13.03.2025, 20000 |

**കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് അളക്കുന്ന പാലിന് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഓരോ ലിറ്ററിനും 3 രൂപ നിരക്കിൽ പരമാവധി 40000 രൂപ നൽകുക എന്നതാണ് പ്രോജക്ട്.**

6 ക്ഷീര സഹകരണ സംഘങ്ങളിലായി ഉൾപ്പെട്ട 36 ഗുണഭോക്താക്കൾക്കാണ് പ്രോജക്ട് പ്രകാരം പാലിന് സബ്സിഡി അനുവദിക്കുന്നതിനായി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റിന് 26.11.2024 തീയതിയിലെ 4/3 നമ്പർ തീരുമാന പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ബിൽ നം.4/31.12.2024, ₹100000 പ്രകാരം 28 ഗുണഭോക്താക്കൾക്കാണ് പാലിന് സബ്സിഡി നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ക്ഷീര സംഘത്തിന്റെ പേര് | പാലിന് സബ്സിഡി നൽകിയ ഗുണഭോക്താക്കളുടെ എണ്ണം | പാലിന് സബ്സിഡി നൽകിയ മാസങ്ങൾ |
|---|---|---|---|
| 1 | മമ്പാട് | 2 | 4/24 To 9/24 |
| 2 | വാൽക്കുളമ്പ് | 6 | 4/24 To 22.11.24 |
| 3 | ചെറുകുന്നം | 5 | 4/24 To 11/24 |
| 4 | മംഗലം ഡാം | 2 | 4/24 To 8/24 |
| 5 | കണ്ണംകുളം | 3 | 4/24 To 9/24 |
| 6 | മേനോൻ തരിഷ് | 10 | 4/24 To 11/24 |

ബിൽ നം.8/13.03.2025, ₹20000 പ്രകാരം 18 ഗുണഭോക്താക്കൾക്കാണ് പാലിന് സബ്സിഡി നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | ക്ഷീര | പാലിന് | പാലിന് സബ്സിഡി |
|---|---|---|---|

| നമ്പർ | സംഘത്തിന്റെ പേര് | സബ്സിഡി നൽകിയ ഗുണഭോക്താക്കളുടെ എണ്ണം | നൽകിയ മാസങ്ങൾ |
|---|---|---|---|
| 1 | കണ്ണംകുളം | 2 | 10/24 To 12/24 |
| 2 | മമ്പാട് | 2 | 10/24 To 12/24 |
| 3 | വാൽക്കുളമ്പ് | 5 | 23.11.24 To 12/24 |
| 4 | മംഗലം ഡാം | 2 | 9/24 |
| 5 | മേനോൻ തരിഷ് | 7 | 10/24 To 12/24 |

മേനോൻ തരിഷ് ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ പാലളക്കുന്ന 7 ഗുണഭോക്താക്കൾക്ക് ഒക്ടോബർ, നവംബർ മാസങ്ങളിലെ പാലളവിന് മേൽപ്പറഞ്ഞ രണ്ട് ബില്ലുകളിൽ നിന്നും സബ്സിഡി തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | 4/31.12.2024 പ്രകാരം അനുവദിച്ച സബ്സിഡി | | | 8/13.03.2025, പ്രകാരം അനുവദിച്ച സബ്സിഡി | | |
|---|---|---|---|---|---|---|---|
| | | OCTOBER | November | Subsidy | OCTOBER | November | Subsidy |
| 1 | ചാമി.കെ.വി | 437 | 267 | 2112 | 437 | 267 | 2112 |
| 2 | സ്വാമിനാഥൻ.പി | 277 | 73 | 1050 | 277 | 73 | 1050 |
| 3 | കല്യാണി മണി | 370 | 251 | 1863 | 370 | 251 | 1863 |
| 4 | കൃഷ്ണൻകുട്ടി.വി | 0 | 0 | 0 | 0 | 0 | 0 |
| 5 | വേശു | 155 | 165 | 960 | 155 | 165 | 960 |
| 6 | സ്വാമിനാഥൻ.സി | 224 | 132 | 1068 | 224 | 132 | 1068 |
| 7 | തമ്പു | 36 | 85 | 363 | 36 | 85 | 363 |
| | ആകെ | 1499 | 973 | 7416 | 1499 | 973 | 7416 |

ഒരേ ഗുണഭോക്താക്കൾക്ക് ഒക്ടോബർ, നവംബർ എന്നീ മാസങ്ങളിലെ പാലളവിന് രണ്ടു തവണ സബ്സിഡി നൽകിയിട്ടുണ്ട്. ഇതു മൂലം 7416 രൂപ അധികം ചെലവഴിച്ചിട്ടുണ്ട്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/24.06.2025) മറുപടി ലഭ്യമാക്കിയില്ല.

അധികമായി നൽകിയ 7416 രൂപ നിർവഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം- അടവാക്കിയതിന്റെ വിശദാംശങ്ങൾ

സർക്കാർ ജീവനക്കാരുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് പദ്ധതിയുടെ ഇൻഷ്വറൻസ് പ്രീമിയം അടവാക്കുന്നതിന്റെ വിവരങ്ങൾ ചുവടെചേർക്കുന്നു.

1. 31.03.2024 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ

| ക്രമ നമ്പർ | 2024-2025 സാമ്പത്തിക വർഷത്തിലെ ജീവനക്കാരുടെ പേര് | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | പ്രദീഷ് | 6000 | 6000 | 0 | |
| 2 | അബ്ദുൾ റഹ്മാൻ | 6000 | 6000 | 0 | |
| 3 | സുമ.സി | 6000 | 6000 | 0 | |
| 4 | ഗോപീകൃഷ്ണൻ.ആർ | 5000 | 5000 | 0 | 09.01.2025ന് സ്ഥലംമാറ്റം ലഭിച്ചു. |
| 5 | ഷീജ.കെ | 2500 | 2500 | 0 | 03.09.2024ന് സ്ഥലംമാറ്റം ലഭിച്ചു. |
| 6 | വിജയ്.വി | 6000 | 6000 | 0 | |
| 7 | വിനോദ് | 6000 | 6000 | 0 | |
| 8 | പ്രവീണ.പി.സി | 4500 | 4500 | 0 | 18.12.2024ന് സ്ഥലംമാറ്റം ലഭിച്ചു. |
| 9 | സുകേഷ് | 6000 | 6000 | 0 | |
| 10 | ഷിജു.ജി | 6000 | 6000 | 0 | |
| 11 | കോമളം.വി | 6000 | 6000 | 0 | |
| 12 | പ്രീത.വി.എസ് | 6000 | 6000 | 0 | |
| 13 | മുജീബ് റഹ്മാൻ | 6000 | 6000 | 0 | |
| 14 | സ്മിത.ബി | 6000 | 6000 | 0 | |
| 15 | ചന്ദ്രൻ.എ | 6000 | 6000 | 0 | |
| 16 | വേലായുധൻ.ആർ | 6000 | 6000 | 0 | |
| 17 | ഷീന.ആർ | 6000 | 6000 | 0 | |
| 18 | ദിവ്യ.കെ.ജി | 3500 | 3500 | 0 | സ്ഥലംമാറ്റം ലഭിച്ചതിനെ തുടർന്ന് 13.09.2024ന് ഈ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ചു. |
| 19 | ബിമൽ ബോസ് | 1500 | 1500 | 0 | സ്ഥലംമാറ്റം ലഭിച്ചതിനെ തുടർന്ന് 06.01.2025ന് ഈ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ചു. |
| 20 | ധന്യ.എം | 1000 | 1000 | 0 | സ്ഥലംമാറ്റം ലഭിച്ചതിനെ തുടർന്ന് 09.01.2025ന് ഈ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ചു. |

2) 01-04-2024 മുതൽ 30-06-2024വരെയുള്ള കാലയളവിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ.

| ക്രമ നം | ജീവനക്കാരുടെ പേര് | സർവ്വീസിൽ പ്രവേശിച്ച തീയതി | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | സൗമ്യ.എസ് | 09.05.2024 | 1000 | 1000 | 0 | ഈ പഞ്ചായത്തിൽ 2025 ജനവരി21ന് ജോയിൻ ചെയ്തു.കുടിശ്ശിക ഈടാക്കിയിട്ടില്ല. |

3) 01-07-2024 മുതൽ 31-07-2024 വരെയുള്ള കാലയളവിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ.

| ക്രമ നം | ജീവനക്കാരുടെ പേര് | സർവ്വീസിൽ പ്രവേശിച്ച തീയതി | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|
| | NIL | NIL | NIL | NIL | NIL | NIL |

4) 01-08-2024 മുതൽ 31-03-2025 വരെയുള്ള കാലയളവിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ.

| ക്രമ നം | ജീവനക്കാരുടെ പേര് | സർവ്വീസിൽ പ്രവേശിച്ച തീയതി | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ/ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|
| | NIL | NIL | NIL | NIL | NIL | NIL |

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2024-25 | 19.06.2025 മുതൽ 27.06.2025 വരെ | അനുബന്ധമായി ചേർത്തിട്ടുണ്ട് |

## 4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 743717 | 223/25-സമൃദ്ധി ഉഴവ് കൂലി | 743717 | |
| ബ്ലോക്ക് പഞ്ചായത്ത് | | 638216 | 125/25-ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-S.C | 638216 | |
| ബ്ലോക്ക് പഞ്ചായത്ത് | | 50000 | 24/25-അങ്കണവാടി അനുപൂരക പോഷകാഹാരം – ജനറൽ | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 285900 | ശാരീരകമാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് – 26/25 | 285900 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 294000 | ടി | 294000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 100000 | 130/24-ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-Gen | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 250000 | 125/25-ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-S.C | 000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 479928 | സി.സി.ടി.വി | 479928 | 0 |
| ഗ്രാമപഞ്ചായത്ത് | O.B | 230800 | ജലജീവൻ മിഷൻ | 61450 | 169350 |

## 4-4 ഡെപ്പോസിറ്റ് പ്രവൃത്തികൾകൾക്ക് തുക നൽകിയതിന്റെ വിവരം

| ക്രമ നം | പ്രൊജക്ട് | അടങ്കൽ | ചെലവ് | തുക നൽകിയത് | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായതിന്റെ വിവരം |
|---|---|---|---|---|---|
| 1. | 102/25, അമ്പിട്ടൻതരിശ് പട്ടിക വർഗ്ഗ കോളനിയിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 9898 (വികസനഫണ്ട് ടി.എസ്. പി) | 9898 (ബിൽ നം 18/20.01.25) | അസിസ്റ്റന്റ് എഞ്ചിനീയർ കിഴക്കഞ്ചേരി കെ.എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ | ലഭ്യമാക്കിയിട്ടില്ല |
| 2. | പ്രോജക്ട് നം 489/25 ( വാർഡ് 19 കൊട്ടേക്കാട് ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ) | 53523 (തനത് ഫണ്ട് ) | 53523 (വൗച്ചർ നം 22401268/ 15.03.25) | അസിസ്റ്റന്റ് എഞ്ചിനീയർ കിഴക്കഞ്ചേരി കെ.എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ | ലഭ്യമാക്കിയിട്ടില്ല |
| 3. | പ്രോജക്ട് നം 490/25 കുണ്ടുകാട് കമ്മ്യൂണിറ്റിഹാൾ റോഡ് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 28189 (തനത് ഫണ്ട് ) | 28189 (വൗച്ചർ നം 22401351/ 25.03.25) | അസിസ്റ്റന്റ് എഞ്ചിനീയർ കിഴക്കഞ്ചേരി കെ.എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ | ലഭ്യമാക്കിയിട്ടില്ല |
| 4. | 396/25 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ മീറ്റർ ബോക്സ് സ്ഥാപിക്കൽ | 150000 (തനത് ഫണ്ട് ) | 137588 (1. **37524**-വൗച്ചർ നം 22401281/20.03.25) 2. **100064**- വൗച്ചർ നം 22401350/25.03.25) | അസിസ്റ്റന്റ് എഞ്ചിനീയർ കിഴക്കഞ്ചേരി കെ.എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷന് | ലഭ്യമാക്കിയിട്ടില്ല |
| 5 | 64/25 വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് | 1400000 (വികസനഫണ്ട്- ജനറൽ) | 1. 1398372 (ബിൽ നം 27/24.03.25) | അസിസ്റ്റന്റ് എഞ്ചിനീയർ കിഴക്കഞ്ചേരി കെ.എസ് ഇ | ലഭ്യമാക്കിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | സ്ഥാപിക്കൽ | | 2. 1628 (ബിൽ നം 19/20.01.25) | ബി ഇലക്ട്രിക്കൽ സെക്ഷന് | |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-6 വായ്പ / വായ്പാതിരിച്ചടവ്

**ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.**

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് ന മ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം ലഭിച്ചത് | ആകെ | വർഷം തിരിച്ചടച്ച തുക | | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|---|
| | | | | | | മുതൽ | പലിശ | |
| KURDFC ലോൺ - ലൈഫ് പദ്ധതി | | 39238941 | 30313221 | 1920000 | 32233221 | 3700559 | 0 | 28532662 |

## 4-7 സ്ഥിരനിക്ഷേപങ്ങൾ

ബാലൻസ് ഷീറ്റ് പ്രകാരം സ്ഥിരനിക്ഷേപം ഇല്ല. എന്നാൽ പാലക്കാട് സ്മോൾ ഹൈഡ്രോ ഇലക്ട്രിക് കമ്പനിയുടെ ഷെയറിനുള്ള ഡിവിഡന്റായി ഓഡിറ്റ് വർഷം ലഭിച്ച തുക വരവിലെടുത്തിട്ടുണ്ട്. ഷെയർസർട്ടിഫിക്കറ്റുകൾ പരിശോധിച്ച് ബാലൻസ് ഷീറ്റിൽ പ്രസ്തുത നിക്ഷേപത്തിന്റെ വിവരം ചേർക്കേണ്ടതാണ്

## 4-8 ഓഡിറ്റ് റിക്കവറി

**വാർഷിക ധനാകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ ആകെ 26820 രൂപ വരവുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.**

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2023-24 | 1-11-1 | 2500 | ശ്രീ അർജ്ജുൻ, കരാറുകാരൻ | 1240301149/ 11.07.2024 |

| | | | | |
|---|---|---|---|---|
| 2023-24 | എൻക്വയറി നം 13 | 480 | പ്രൊപ്രൈറ്റർ, സ്റ്റാർമസാല പാക്കിംഗ് | 1240301152/ 11.07.2024 |
| 2023-24 | എൻക്വയറി നം 13 | 480 | പ്രൊപ്രൈറ്റർ, സ്റ്റാർമസാല പാക്കിംഗ് | 1240301153/ 11.07.2024 |
| 2023-24 | 1-11-1 | 2500 | ശ്രീ മനോജ്. എ.കെ കരാറുകാരൻ | 1240301159/ 11.07.2024 |
| 2023-24 | എൻക്വയറി നം 13 | 2880 | പ്രൊപ്രൈറ്റർ, എ.എൻ റബ്ബേഴ്സ് | 1240301161/ 11.07.2024 |
| 2023-24 | 1-11-1 | 2500 | ശ്രീ സുഭാഷ് ചന്ദ്ര, കരാറുകാരൻ | 1240301165/ 11.07.2024 |
| 2023-24 | 1-11-1 | 2500 | ശ്രീ പുഷ്പാകരൻ, കരാറുകാരൻ | 1240301169/ 12.07.2024 |
| 2023-24 | 1-11-1 | 2500 | ശ്രീ സുനിൽ, കരാറുകാരൻ | 1240301189/ 15.07.2024 |
| 2023-24 | 1-11-1 | 2500 | ശ്രീ ഗോപീദാസൻ, കരാറുകാരൻ | 1240301209/ 17.07.2024 |
| 2023-24 | 1-11-1 | 2500 | ശ്രീ ശ്രീകുമാർ കരാറുകാരൻ | 1240301149/ 11.07.2024 |
| 2023-24 | 1-11-1 | 2500 | ശ്രീ സണ്ണി കരാറുകാരൻ | 1240301230/ 18.07.2024 |
| 2023-24 | 1-11-1 | 2500 | ശ്രീ എൽദോസ് കരാറുകാരൻ | 1240301531/ 18.07.2024 |
| 2023-24 | 1-11-3 | 480 | അക്ഷയ സെന്റർ കുണ്ടുകാട് | 1240301531/ 17.08.24 |
| | | **26820** | | |

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2006-07 | 2009-10 | 3-7.5(1)<br><br>3.8.10 (l) | പിട്ടുക്കാരികുളമ്പ് ജലസംഭരണം-ഭൗതികലക്ഷ്യം കൈവരിച്ചില്ല<br><br>– വ്യക്തിഗത ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകേണ്ട സബ്സിഡി തുക ബാങ്കിലേക്ക് കൈമാറിയത് ക്രമപ്രകാരമല്ല | സമിതിയുടെ സിറ്റിംഗ് കഴിഞ്ഞിട്ടുള്ളതാണ്. പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 2006-07 | 2009-10 | 3-8.10(1) | ഭവനനിർമ്മാണ പദ്ധതി- 860000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. | ടി |

## 4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല.

## 4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| വിശദാംശങ്ങൾ | തുക (രൂപ) |
|---|---|
| ആകെ വരവ് (മുന്നിരിപ്പ്ഉൾപ്പെടെ) | ₹135645174 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹83071193 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 7416 |
| ഭാഗം 1 പ്രകാരമുള്ള നഷ്ടം | 3720 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 502713 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 7416 | ശ്രീമതി ഉമൈബ.എം ഡയറി ഫാം ഇൻസ്പെക്ടർ |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 22785 | ശ്രീമതി ഉമൈബ.എം ഡയറി ഫാം ഇൻസ്ട്രക്ടർ |
| 1-20 | 479928 | ശ്രീമതി ഷീന ആർ സെക്രട്ടറി |
| | 502713 | |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11-1 | 1420 | ശ്രീമതി ഷീന ആർ സെക്രട്ടറി |
| 1-18 | 2300 | ശ്രീമതി നളിനി.എ.എം പ്രധാനാധ്യാപിക |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഷീന ആർ സെക്രട്ടറി | സെക്രട്ടറി കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് | അബബീൽ ഹൗസ്, കരിയം കുന്ന്, പുതുക്കോട്, പാലക്കാട് |
| ശ്രീമതി നളിനി.എ.എം പ്രധാനാധ്യാപിക | പ്രധാനാധ്യാപിക GLPS കിഴക്കഞ്ചേരി | അവിഞ്ഞിക്കാട്ട് മന നെറ്റിശ്ശേരി (P.O) മുക്കാട്ടുകര- 680657 |
| ശ്രീമതി. ഉമൈബ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ, കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് | തറക്കളം, അയിലൂർ (പി ഒ) പാലക്കാട് 678510 Ph.-6238356889 |

**4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം**

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ-പി.കെ.ഡി.10/848/2022 തിയതി 1.12.2022 (ഓഡിറ്റ് അദാലത്ത്) | 1 |
| 2003-04 | ടി | 1 |
| 2005-06 | ടി | 1 |
| 2006-07 | ടി | 3 |
| 2007-08 | ടി | 3 |
| 2008-09 | ടി | 7 |
| 2009-10, 2010-11 | ടി | 4 |
| 2011-12 | ടി | 11 |
| 2012-13, 2013-14, 2014-15 | ടി | 7 |
| 2015-16 | ടി | 4 |
| 2016-17 | നം.കെ.എസ്.എ.പി.കെ.ഡി9-1644/2017/ 2.11.2017 | 15 |
| 2017-18 | നം.കെ.എസ്.എ-പി.കെ.ഡി9/537/2019/ 20.06.2019 | 5 |
| 2018-19 | നം.കെ.എസ്.എ-പി.കെ.ഡി9/1386/2020/ 8.1.2021 | 7 |
| 2019-20 | നം.കെ.എസ്.എ.പി.കെ.ഡി9/878/2022/ 26.10.22 | 12 |
| 2020-21 | നം.കെ.എസ്.എ.പി.കെ.ഡി9/1846/2021/ 26.10.22 | 12 |
| 2021-22 | നം.കെ.എസ്.എ.പി.കെ.ഡി10/597/2023 തീയതി 19-04-2023 | 8 |
| 2022-23 | നം.കെ.എസ്.എ.പി.കെ.ഡി.10/1420/23 തീയതി 31.10.23 | 20 |
| 2023-24 | നമ്പർ: കെ.എസ്.എ.(പി.കെ.ഡി)പി 10-1344/2024/ 19.09.2024 | 17 |

**ഡെപ്യൂട്ടി ഡയറക്ടർ**

## Annexure-1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 5 dated 5 dated 07-05-2025 and submitted on 15-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Kizhakkanchery Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State / Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Kizhakkanchery Grama Panchayat as on 31-03-2025

**Date: 23/09/2025** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Kizhakkanchery Grama Panchayat for the Year 2024-2025.

### 1.Major Observations

nil

### 2.Other Observations

1. Cash flow statement not accurate

2. Asset register not updated
3. Investment (Shares in small hydro electric company) not included in AFS
4. Following Bank accounts not included in AFS

| Sl. No. | Name of the Bank | Account Number |
|---|---|---|
| 1 | Bank of Baroda | 62750100026006 |
| 2 | SBI<br>(MNREGS holding account) | 41745287195 |

**DEPUTY DIRECTOR**

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## annexure 3

## വരവ് ചെലവ് സംക്ഷിപ്തം

| Kizhakkanchery Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2024 to 31-March-2025 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 37643853.00 |
| Cash | Cash | RP-40(a) | 85772.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1157920.00 |
| 140000000 | Fees & User Charges | RP-4 | 3361020.00 |
| 150000000 | Sale & Hire Charges | RP-5 | 551378.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 28485368.00 |
| 171000000 | Interest Earned | RP-9 | 389609.00 |
| 190000000 | Prior Period Income | RP-11 | 17300.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 31699633.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 28692673.00 |
| 460000000 | Loans, Advances and Deposits | RP-49 | 197823.00 |
| | Non Operating | | |
| 170000000 | Income from Investments | RP-8 | 5400.00 |
| 180000000 | Other Income | RP-10 | 27295.00 |
| 330000000 | Secured Loans | RP-31 | 1920000.00 |
| 340000000 | Deposits Received | RP-33 | 272527.00 |
| 350000000 | Other Liabilities | RP-35 | 1137603.00 |
| | Grand total | | 135645174.00 |
| | PAYMENTS | | |
| | Operating | | |
| 230000000 | Operations & Maintenance | RP-14 | 3234.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 138110.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 33334813.00 |
| 460000000 | Loans, Advances and Deposits | RP-49 | 278864.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 55500.00 |
| 350000000 | Other Liabilities | RP-35 | 49260672.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 52413712.00 |
| Cash | Cash | RP-40(b) | 160269.00 |
| | Grand Total | | 135645174.00 |

### Income & Expenditure Statement

| Code No | Description of items | Schedule No. | Current Year Amount (Rs.) |
|---|---|---|---|
| 110000000 | Tax Revenue | I-1 | 6,356,022.00 |
| 120000000 | Assigned Revenue & Compensation | I-2 | 0.00 |
| 130000000 | Rental Income from Panchayat Properties | I-3 | 20,180.00 |
| 140000000 | Fees & User Charges | I-4 | 3,416,145.00 |
| 150000000 | Sales & Hire Charges | I-5 | 551,378.00 |
| 160000000 | Revenue Grants, Contributions & Compensation | I-6 | 284,579,656.00 |
| 170000000 | Income from Investments | I-7 | 5,400.00 |
| 171000000 | Interest Earned | I-8 | 389,609.00 |

| | | | |
|---|---|---|---|
| 180000000 | Other Income | I-9 | 81,433.00 |
| **A** | **Total - INCOME** | | **295,399,823.00** |
| 210000000 | Establishment Expenses | I-10 | 14,905,050.00 |
| 220000000 | Administrative Expenses | I-11 | 1,164,498.00 |
| 230000000 | Operations & Maintenance | I-12 | 3,186,672.00 |
| 240000000 | Interest & Finance Charges | I-13 | 2,124.00 |
| 250000000 | Decentralised Plan Programme - Productive Sector | I-14 | 13,910,513.00 |
| 251000000 | Decentralised Plan Programme - Service Sector | I-14(A) | 44,421,412.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14(B) | 17,390,618.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | I-14(C) | 0.00 |
| 254000000 | Expenditure of Transferred Institutions and State Sponsored Schemes | I-14(D) | 109,122,100.00 |
| 255000000 | Maintenance Projects | I-14(E) | 0.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 31,022,996.00 |
| 260000000 | Grants, Contributions and Compensations from Own Fund | I-15 | 0.00 |
| 270000000 | Provisions & Write off | I-16 | 0.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Inventments | I-17 | 0.00 |
| 272000000 | Depreciation | I-17(A) | 60,928,676.00 |
| 190000000 | Prior Period Income | I-19 | 16,800.00 |
| **B** | **B - Total : EXPENDITURE** | | **296,054,659.00** |
| **C = A-B** | **Gross Surplus / (deficit) of income over expenditure before Prior Period Items.** | | **-654,836.00** |
| **190000000** | Prior period Income | I-19 | **16,800.00** |
| **290000000** | Prior period Expenses | I-18 | **1,401,459.00** |
| **D** | Net Difference | I-19 - I-18 | **1,384,659.00** |

| | | |
|---|---|---|
| E | Gross Surplus / (deficit) of income over expenditure after Prior Period Items. | **-2,039,495.00** |
| 290000000 | Transfer to Reverse Funds | |
| | Net Balance being surplus / deficit carried over to Balance sheet (Panchayat Fund) | |

***Kizhakkanchery Grama Panchayat BALANCE SHEET***

***For the period from 01-April-2024 to 31-March-2025***

| ***Code.No*** | ***Description of Items*** | ***Schedule No*** | ***Amount*** |
|---|---|---|---|
| | ***LIABILITIES*** | | |
| | ***Reserve & Surplus*** | | |
| ***310000000*** | ***Panchayat / Municipal Fund*** | ***B-1*** | ***55923063.86*** |
| ***311000000*** | ***Earmarked Funds - Special Funds/Sinking Fund/ Trust or Agency Fund*** | ***B-2*** | ***0.0*** |
| ***312000000*** | ***Reserves*** | ***B-3*** | ***163300232.00*** |
| | ***Total Reserve & Surplus*** | | ***219223295.86*** |
| | ***Grants, Contributions for Specific Purposes*** | | |
| ***320000000*** | ***Grants, Funds & Contribution for Specific Purposes*** | ***B-4*** | ***26943208.00*** |
| | ***Total Grants, Contributions for Specific Purposes*** | | ***26943208.00*** |
| | ***Loans*** | | |
| ***330000000*** | ***Secured Loans*** | ***B-5*** | ***28532662.00*** |
| ***331000000*** | ***Unsecured Loans*** | ***B-6*** | ***0.0*** |
| | ***Total Loans*** | | ***28532662.00*** |

| | | | |
|---|---|---|---|
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 689837.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 3031227.50 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 3721064.50 |
| | TOTAL LIABILITIES | | 278420230.36 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 1685098.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 58409.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 50849277.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 268189690.36 |
| 416000000 | Accumulated Depreciation | B-11(a) | -157258579.00 |
| | Total Fixed Assets | | 163523895.36 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 33670137.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 26992662.00 |
| 450000000 | Cash and Bank Balance | B-17 | 52573981.00 |
| 460000000 | Loans, Advances and Deposits | B-18 | 1659555.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 114896335.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 278420230.36 |